# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

### 2019 മേയ് 27, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 176 - നമ്പർ 1

വില : ₹ 20

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

2019 മേയ് 27, തിങ്കൾ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി ബി. എസ്. സരള**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

105/2021

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻ കുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

## പതിനാലാം കേരള നിയമസഭ

### അംഗങ്ങൾ

1. ശ്രീ. അബ്ദുൽ ഹമീദ് .പി. (വള്ളിക്കുന്ന്)
2. ശ്രീ. കെ. വി. അബ്ദുൾ ഖാദർ (ഗുരുവായൂർ)
3. ശ്രീ. പാറക്കൽ അബ്ദുല്ല (കുറ്റ്യാടി)
4. ശ്രീ. പി. കെ. അബ്ദു റബ്ബ് (തിരൂരങ്ങാടി)
5. ശ്രീ. വി. അബ്ദുറഹിമാൻ (താനൂർ)
6. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ (കോട്ടയ്ക്കൽ)
7. ശ്രീ. വി. എസ്. അച്യുതാനന്ദൻ (മലമ്പുഴ)
8. ശ്രീ. അടൂർ പ്രകാശ് (കോന്നി)
9. ശ്രീ. ടി. എ. അഹമ്മദ് കബീർ (മങ്കട)
10. ശ്രീമതി പി. അയിഷാ പോറ്റി (കൊട്ടാരക്കര)
11. ശ്രീ. മഞ്ഞളാംകുഴി അലി (പെരിന്തൽമണ്ണ)
12. ശ്രീ. അനിൽ അക്കര (വടക്കാഞ്ചേരി)
13. ശ്രീ. എ. പി. അനിൽ കുമാർ (വണ്ടൂർ - എസ്.സി.)
14. ശ്രീ. അനൂപ് ജേക്കബ് (പിറവം)
15. ശ്രീ. കെ. ആൻസലൻ (നെയ്യാറ്റിൻകര)
16. ശ്രീ. ആന്റണി ജോൺ (കോതമംഗലം)
17. ശ്രീ. പി. വി. അൻവർ (നിലമ്പൂർ)
18. ശ്രീ. അൻവർ സാദത്ത് (ആലുവ)
19. ശ്രീ. എ. എം. ആരിഫ് (അരൂർ)
20. പ്രൊഫ. കെ. യു. അരുണൻ (ഇരിങ്ങാലക്കുട)
21. ശ്രീമതി സി. കെ. ആശ (വൈക്കം- എസ്.സി.)
22. ശ്രീ. കെ. ബാബു (നെന്മാറ)

23. ശ്രീ. ഐ. സി. ബാലകൃഷ്ണൻ (സുൽത്താൻ ബത്തേരി-എസ്.ടി.)
24. ശ്രീ. എ. കെ. ബാലൻ (തരൂർ - എസ്.സി.)
25. ശ്രീ. വി. ടി. ബൽറാം (തൃത്താല)
26. ശ്രീ. പി. കെ. ബഷീർ (ഏറനാട്)
27. ശ്രീമതി ഇ. എസ്. ബിജിമോൾ (പീരുമേട്)
28. ശ്രീ. ഇ. ചന്ദ്രശേഖരൻ (കാഞ്ഞങ്ങാട്)
29. ശ്രീ. കെ. ദാസൻ (കൊയിലാണ്ടി)
30. ശ്രീ. ബി. ഡി. ദേവസ്സി (ചാലക്കുടി)
31. ശ്രീ. സി. ദിവാകരൻ (നെടുമങ്ങാട്)
32. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (കളമശ്ശേരി)
33. ശ്രീ. എൽദോ എബ്രഹാം (മൂവാറ്റുപുഴ)
34. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ (പെരുമ്പാവൂർ)
35. ശ്രീ. കെ. ബി. ഗണേഷ് കുമാർ (പത്തനാപുരം)
36. ശ്രീമതി ഗീതാ ഗോപി (നാട്ടിക -എസ്.സി.)
37. ശ്രീ. ജോർജ് എം. തോമസ് (തിരുവമ്പാടി)
38. ശ്രീ. പി. സി. ജോർജ് (പൂഞ്ഞാർ)
39. ശ്രീ. ചിറ്റയം ഗോപകുമാർ (അടൂർ - എസ്.സി.)
40. ശ്രീ. സി. കെ. ഹരീന്ദ്രൻ (പാറശ്ശാല)
41. ശ്രീ. ഹൈബി ഈഡൻ (എറണാകുളം)
42. ശ്രീ. ടി. വി. ഇബ്രാഹിം (കൊണ്ടോട്ടി)
43. ഡോ. കെ. ടി. ജലീൽ (തവനൂർ)
44. ശ്രീ. ജെയിംസ് മാത്യു (തളിപ്പറമ്പ്)
45. ശ്രീ. ജി. എസ്. ജയലാൽ (ചാത്തന്നൂർ)
46. ഡോ. എൻ. ജയരാജ് (കാഞ്ഞിരപ്പള്ളി)

47. ശ്രീ. ഇ. പി. ജയരാജൻ (മട്ടന്നൂർ)

48. ശ്രീ. ജോൺ ഫെർണാണ്ടസ് (ആംഗ്ലോ ഇന്ത്യൻ പ്രതിനിധി)

49. ശ്രീ. കെ. സി. ജോസഫ് (ഇരിക്കൂർ)

50. ശ്രീ. പി. ജെ. ജോസഫ് (തൊടുപുഴ)

51. ശ്രീ. വി. ജോയി (വർക്കല)

52. ശ്രീ. ഒ. ആർ. കേളു (മാനന്തവാടി-എസ്.ടി.)

53. ശ്രീ. കെ. എൻ. എ. ഖാദർ (വേങ്ങര)

54. ശ്രീ. സി. കൃഷ്ണൻ (പയ്യന്നൂർ)

55. ശ്രീ. കെ. കൃഷ്ണൻകുട്ടി (ചിറ്റൂർ)

56. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

57. ശ്രീ. കോവൂർ കുഞ്ഞുമോൻ (കുന്നത്തൂർ-എസ്.സി.)

58. ശ്രീ. വി. കെ. സി. മമ്മത് കോയ (ബേപ്പൂർ)

59. ശ്രീ. സി. മമ്മൂട്ടി (തിരൂർ)

60. ശ്രീ. കെ. എം. മാണി (പാലാ)

61. ശ്രീ. മാത്യു ടി. തോമസ് (തിരുവല്ല)

62. ശ്രീ. കെ. ജെ. മാക്സി (കൊച്ചി)

63. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ (കുണ്ടറ)

64. ശ്രീ. എ. സി. മൊയ്തീൻ (കുന്നംകുളം)

65. ശ്രീ. മോൻസ് ജോസഫ് (കടുത്തുരുത്തി)

66. ശ്രീ. മുഹമ്മദ് മുഹസിൻ പി. (പട്ടാമ്പി)

67. ശ്രീ. എം. മുകേഷ് (കൊല്ലം)

68. ഡോ. എം. കെ. മുനീർ (കോഴിക്കോട് സൗത്ത്)

69. ശ്രീ. കെ. മുരളീധരൻ (വട്ടിയൂർക്കാവ്)

70. ശ്രീ. ഡി. കെ. മുരളി (വാമനപുരം)

71. ശ്രീ. മുരളി പെരുനെല്ലി (മണലൂർ)

72. ശ്രീ. സി. കെ. നാണു (വടകര)

73. ശ്രീ. എൻ. എ. നെല്ലിക്കുന്ന് (കാസർഗോഡ്)

74. ശ്രീ. എം. നൗഷാദ് (ഇരവിപുരം)

75. ശ്രീ. ഉമ്മൻ ചാണ്ടി (പുതുപ്പള്ളി)

76. ശ്രീ. യു. ആർ. പ്രദീപ് (ചേലക്കര)

77. ശ്രീ. എ. പ്രദീപ്കുമാർ (കോഴിക്കോട് നോർത്ത്)

78. ശ്രീ. കെ. ഡി. പ്രസേനൻ (ആലത്തൂർ)

79. ശ്രീമതി യു. പ്രതിഭ ഹരി (കായംകുളം)

80. ശ്രീ. പുരുഷൻ കടലുണ്ടി (ബാലുശ്ശേരി - എസ്.സി.)

81. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (കോട്ടയം)

82. ശ്രീ. പി. ടി. എ. റഹീം (കുന്ദമംഗലം)

83. ശ്രീ. ഒ. രാജഗോപാൽ (നേമം)

84. ശ്രീ. എം. രാജഗോപാലൻ (തൃക്കരിപ്പൂർ)

85. ശ്രീ. കെ. രാജൻ (ഒല്ലൂർ)

86. ശ്രീ. എസ്. രാജേന്ദ്രൻ (ദേവികുളം-എസ്.സി.)

87. ശ്രീ. ആർ. രാജേഷ് (മാവേലിക്കര-എസ്.സി.)

88. ശ്രീ. റ്റി. വി. രാജേഷ് (കല്യാശ്ശേരി)

89. ശ്രീ. കെ. രാജു (പുനലൂർ)

90. ശ്രീ. രാജു എബ്രഹാം (റാന്നി)

91. ശ്രീ. ആർ. രാമചന്ദ്രൻ (കരുനാഗപ്പള്ളി)

92. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (കണ്ണൂർ)

93. ശ്രീ. റ്റി. പി. രാമകൃഷ്ണൻ (പേരാമ്പ്ര)

94. ശ്രീ. രമേശ് ചെന്നിത്തല (ഹരിപ്പാട്)

95. ശ്രീ. മുല്ലക്കര രത്നാകരൻ (ചടയമംഗലം)

96. പ്രൊഫ. സി. രവീന്ദ്രനാഥ് (പുതുക്കാട്)

97. ശ്രീ. കാരാട്ട് റസാഖ് (കൊടുവള്ളി)

98. ശ്രീ. റോജി എം. ജോൺ (അങ്കമാലി)

99. ശ്രീ. റോഷി അഗസ്റ്റിൻ (ഇടുക്കി)

100. ശ്രീ. കെ. എസ്. ശബരീനാഥൻ (അരുവിക്കര)

101. ശ്രീ. വി. പി. സജീന്ദ്രൻ (കുന്നത്തുനാട്-എസ്.സി.)

102. ശ്രീ. സജി ചെറിയാൻ (ചെങ്ങന്നൂർ)

103. ശ്രീ. എൻ. ഷംസുദ്ദീൻ (മണ്ണാർക്കാട്)

104. ശ്രീ. എസ്. ശർമ്മ (വൈപ്പിൻ)

105. ശ്രീ. എ. കെ. ശശീന്ദ്രൻ (എലത്തൂർ)

106. ശ്രീ. സി. കെ. ശശീന്ദ്രൻ (കൽപ്പറ്റ)

107. ശ്രീ. പി. കെ. ശശി (ഷൊർണ്ണൂർ)

108. ശ്രീ. വി. ശശി (ചിറയിൻകീഴ്-എസ്.സി.)

109. ശ്രീ. വി. ഡി. സതീശൻ (പറവൂർ)

110. ശ്രീ. ഐ. ബി. സതീഷ് (കാട്ടാക്കട)

111. ശ്രീ. ബി. സത്യൻ (ആറ്റിങ്ങൽ-എസ്.സി.)

112. ശ്രീ. ഷാഫി പറമ്പിൽ (പാലക്കാട്)

113. ശ്രീ. കെ. എം. ഷാജി (അഴീക്കോട്)

114. ശ്രീ. എ. എൻ. ഷംസീർ (തലശ്ശേരി)

115. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ (കൂത്തുപറമ്പ്)

116. ശ്രീ. വി. എസ്. ശിവകുമാർ (തിരുവനന്തപുരം)

117. ശ്രീ. പി. ശ്രീരാമകൃഷ്ണൻ (പൊന്നാനി)

118. ശ്രീ. ജി. സുധാകരൻ (അമ്പലപ്പുഴ)

119. ശ്രീ. വി. ആർ. സുനിൽ കുമാർ (കൊടുങ്ങല്ലൂർ)

120. ശ്രീ. വി. എസ്. സുനിൽ കുമാർ (തൃശ്ശൂർ)

121. ശ്രീ. സണ്ണി ജോസഫ് (പേരാവൂർ)

122. ശ്രീ. കടകംപള്ളി സുരേന്ദ്രൻ (കഴക്കൂട്ടം)

123. ശ്രീ. കെ. സുരേഷ് കുറുപ്പ് (ഏറ്റുമാനൂർ)

124. ശ്രീ. എം. സ്വരാജ് (തൃപ്പൂണിത്തുറ)

125. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ (കയ്പമംഗലം)

126. ശ്രീ. പി. തിലോത്തമൻ (ചേർത്തല)

127. ശ്രീ. സി. എഫ്. തോമസ് (ചങ്ങനാശ്ശേരി)

128. ശ്രീ. പി. ടി. തോമസ് (തൃക്കാക്കര)

129. ശ്രീ. തോമസ് ചാണ്ടി (കുട്ടനാട്)

130. ഡോ. ടി. എം. തോമസ് ഐസക് (ആലപ്പുഴ)

131. ശ്രീ. പി. ഉബൈദുള്ള (മലപ്പുറം)

132. ശ്രീ. എം. ഉമ്മർ (മഞ്ചേരി)

133. ശ്രീ. പി. ഉണ്ണി (ഒറ്റപ്പാലം)

134. ശ്രീമതി വീണാ ജോർജ്ജ് (ആറന്മുള)

135. ശ്രീ. കെ. വി. വിജയദാസ് (കോങ്ങാട് -എസ്.സി.)

136. ശ്രീ. ഇ. കെ. വിജയൻ (നാദാപുരം)

137. ശ്രീ. പിണറായി വിജയൻ (ധർമ്മടം)

138. ശ്രീ. എൻ. വിജയൻ പിള്ള (ചവറ)

139. ശ്രീ. എം. വിൻസെന്റ് (കോവളം)

# വിവിധ മന്ത്രിമാർ ചുമതല വഹിക്കുന്ന വിഷയങ്ങളുടെ പട്ടിക

<u>ശ്രീ. പിണറായി വിജയൻ, മുഖ്യമന്ത്രി</u>

പൊതുഭരണം

അഖിലേന്ത്യാ സർവ്വീസുകൾ

ആസൂത്രണവും സാമ്പത്തികകാര്യവും

ശാസ്ത്രം, സാങ്കേതികശാസ്ത്രം, പരിസ്ഥിതി മലിനീകരണ നിയന്ത്രണം

സയന്റിഫിക് ഇൻസ്റ്റിറ്റ്യൂട്ടുകൾ

പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേറ്റീവ്  റിഫോംസ്

തെരഞ്ഞെടുപ്പ്

ഇന്റഗ്രേഷൻ

ഇൻഫർമേഷൻ ടെക്നോളജി

സൈനികക്ഷേമം

ദുരിതാശ്വാസം

സ്റ്റേറ്റ് ഹോസ്പിറ്റാലിറ്റി

എയർപോർട്ട്സ്

മെട്രോ റെയിൽ

അന്തർ സംസ്ഥാന നദീജലം

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്

നോർക്ക

ആഭ്യന്തരം

വിജിലൻസ്

അഡ്മിനിസ്ട്രേഷൻ ഓഫ് സിവിൽ ആന്റ് ക്രിമിനൽ ജസ്റ്റിസ്

അഗ്നിശമനം

ജയിലുകൾ

അച്ചടിയും സ്റ്റേഷനറിയും

ഇൻലാന്റ് നാവിഗേഷൻ (ജലപാത നിർമ്മാണം)

കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ

രാജീവ്ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി

മറ്റെങ്ങും പരാമർശിച്ചിട്ടില്ലാത്ത വിഷയങ്ങൾ

ശ്രീ. എ. കെ. ബാലൻ, പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി

പട്ടികജാതിക്ഷേമം

പട്ടികവർഗ്ഗക്ഷേമം

പിന്നോക്കസമുദായക്ഷേമം

നിയമം

സാംസ്കാരികം

പാർലമെന്ററികാര്യം

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്

കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ

കേരള ചലച്ചിത്ര അക്കാദമി

ശ്രീ. ഇ. ചന്ദ്രശേഖരൻ, റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

ലാന്റ് റവന്യൂ

സർവ്വേയും ലാന്റ് റെക്കോർഡ്സും

ലാന്റ് റിഫോംസ്

ഭവനനിർമ്മാണം

ഡോ. കെ. ടി. ജലീൽ, ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി

കോളേജ് വിദ്യാഭ്യാസം

സങ്കേതിക വിദ്യാഭ്യാസം

സർവ്വകലാശാലകൾ (കാർഷിക, വെറ്ററിനറി, ഫിഷറീസ്, മെഡിക്കൽ സർവ്വകലാശാല ഒഴികെ)

പ്രവേശന പരീക്ഷകൾ

എൻ.സി.സി.

അസാപ് (ASAP)

ന്യൂനപക്ഷക്ഷേമം

വഖഫും ഹജ്ജ് തീർത്ഥാടനവും

ശ്രീ. ഇ. പി. ജയരാജൻ, വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി

വ്യവസായം (വ്യവസായ സഹകരണ സ്ഥാപനങ്ങൾ ഉൾപ്പെടെ)

വാണിജ്യം

മൈനിംഗ് ആന്റ് ജിയോളജി

കൈത്തറിയും ടെക്സ്റ്റൈലും

ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ്

സ്പോർട്സും യുവജനകാര്യവും

ശ്രീ. കെ. കൃഷ്ണൻകുട്ടി, ജലവിഭവ വകുപ്പുമന്ത്രി

ജലസേചനം

കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി

ഗ്രൗണ്ട് വാട്ടർ ഡെവലപ്മെന്റ്

ശുദ്ധജലവിതരണവും ശുചീകരണവും

ശ്രീ. എം. എം. മണി, വൈദ്യുതി വകുപ്പുമന്ത്രി

വിദ്യുച്ഛക്തി

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ, മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി

മത്സ്യബന്ധനം

ഹാർബർ എഞ്ചിനീയറിംഗ്

കശുവണ്ടി വ്യവസായം

ഫിഷറീസ് സർവ്വകലാശാല

ശ്രീ. എ. സി. മൊയ്തീൻ, തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി

പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും

ഗ്രാമവികസനം

ടൗൺ പ്ലാനിംഗ്

പ്രാദേശിക വികസന അതോറിറ്റികൾ

കില

ശ്രീ. കെ. രാജു, വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി

വനം

വന്യജീവി സംരക്ഷണം

മൃഗസംരക്ഷണം

ക്ഷീരവികസനം, ക്ഷീരസഹകരണ സ്ഥാപനങ്ങൾ

മൃഗശാലകൾ

വെറ്ററിനറി സർവ്വകലാശാല

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി

തുറമുഖം

കാഴ്ചബംഗ്ലാവുകൾ

പുരാവസ്തു

പുരാരേഖ

ശ്രീ. റ്റി. പി. രാമകൃഷ്ണൻ, തൊഴിലും എക്സൈസും വകുപ്പുമന്ത്രി

തൊഴിൽ

നൈപുണ്യം

തൊഴിലും പരിശീലനവും

പുനരധിവാസം

ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ്

ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽസ്

എക്സൈസ്

ലേബർ കോർട്ട്സ്

പ്രൊഫ. സി. രവീന്ദ്രനാഥ്, വിദ്യാഭ്യാസ വകുപ്പുമന്ത്രി

പൊതുവിദ്യാഭ്യാസം

സാക്ഷരത മിഷൻ

ശ്രീ. എ. കെ. ശശീന്ദ്രൻ, ഗതാഗത വകുപ്പുമന്ത്രി

റോഡ് ഗതാഗതം

മോട്ടോർ വാഹനങ്ങൾ

ജലഗതാഗതം

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി

ആരോഗ്യം

കുടുംബക്ഷേമം

മെഡിക്കൽ വിദ്യാഭ്യാസം

ഇൻഡിജിനസ് മെഡിസിൻ

മെഡിക്കൽ സർവ്വകലാശാല

ഡ്രഗ്സ് കൺട്രോൾ

ഹോമിയോപ്പതി

പ്രകൃതി ചികിത്സ

(ആയുഷ്)

സാമൂഹ്യനീതി

ശ്രീ. ജി. സുധാകരൻ, പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി

പൊതുമരാമത്ത്

രജിസ്ട്രേഷൻ

കമ്പിത്തപാൽ

റെയിൽവേ

ശ്രീ. വി. എസ്. സുനിൽ കുമാർ, കൃഷി വകുപ്പുമന്ത്രി

കൃഷി

സോയിൽ സർവ്വേ

സോയിൽ കൺസർവേഷൻ

കാർഷിക സർവ്വകലാശാല

വെയർഹൗസിംഗ് കോർപ്പറേഷൻ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി

സഹകരണം

വിനോദസഞ്ചാരം

ദേവസ്വം

ശ്രീ. പി. തിലോത്തമൻ, ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി

ഭക്ഷ്യവും സിവിൽ സപ്ലൈസും

ഉപഭോക്തൃകാര്യം

ലീഗൽ മെട്രോളജി

ഡോ. ടി. എം. തോമസ് ഐസക്, ധനകാര്യവും കയറും വകുപ്പുമന്ത്രി

ധനകാര്യം

നാഷണൽ സേവിംഗ്സ്

സ്റ്റോർ പർച്ചേസ്

വാണിജ്യനികുതി

കാർഷികാദായ നികുതി

ട്രഷറീസ്

ലോട്ടറീസ്

സ്റ്റേറ്റ് ഓഡിറ്റ്

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്

സ്റ്റേറ്റ് ഇൻഷ്വറൻസ്

സ്റ്റാമ്പ് ആന്റ് സ്റ്റാമ്പ് ഡ്യൂട്ടീസ്

കയർ

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| I | **ചരമോപചാരം** | |
| | കെ. എം. മാണിയുടെ നിര്യാണം | ...1 |
| II | **അറിയിപ്പ്** | |
| | മി. സ്പീക്കർ | ...24 |

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

*2019 മേയ് 27, തിങ്കൾ*


വാല്യം 176] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 1


പതിനാലാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനം 2019 മേയ് മാസം 27-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ദേശീയ ഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

<u>മി. സ്പീക്കർ</u> : ഓർഡർ.................. ഓർഡർ

## I ചരമോപചാരം

### കെ. എം. മാണിയുടെ നിര്യാണം

<u>മി. സ്പീക്കർ</u>: കേരള കോൺഗ്രസ് (എം) ചെയർമാനും പാലാ നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന എം.എൽ.എ.-യുമായ കെ. എം. മാണി 9-4-2019-ന് അന്തരിച്ചു. ഏറെ നാളായി ചികിത്സയിലായിരുന്നെങ്കിലും ഇക്കഴിഞ്ഞ പതിനാലാം സമ്മേളനത്തിലും മാണിസാർ നിയമസഭാ പ്രവർത്തനങ്ങളിൽ സജീവമായിരുന്നു.

1933 ജനവരി 30-ന് കോട്ടയം മരങ്ങാട്ടുപിള്ളി കരിങ്ങോഴക്കൽ തോമസ് മാണിയുടെയും ഏലിയാമ്മയുടെയും മകനായി കെ. എം. മാണി ജനിച്ചു. സ്വന്തം നാട്ടിലെ സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം തൃശിനാപള്ളി സെന്റ് ജോസഫ്, തേവര സേക്രഡ് ഹാർട്ട് എന്നീ കോളേജുകളിലായി സർവ്വകലാശാല വിദ്യാഭ്യാസം പൂർത്തിയാക്കി. മദ്രാസ് ലോ കോളേജിൽ നിന്ന് 1955-ൽ നിയമബിരുദം നേടി. മദ്രാസ് ഹൈക്കോടതിയിൽ അഭിഭാഷകനായി 1956-ൽ എൻറോൾ ചെയ്തു. തുടർന്ന് കോഴിക്കോട് ജില്ലാ കോടതി, കോട്ടയം ജില്ലാ കോടതി, പാലാ സബ് കോടതി എന്നിവിടങ്ങളിൽ അഭിഭാഷകനായി പ്രാക്ടീസ് ചെയ്തു. 1958-ൽ കോൺഗ്രസ് മരങ്ങാട്ടുപിള്ളി വാർഡ് കമ്മിറ്റി പ്രസിഡന്റായി രാഷ്ട്രീയ ജീവിതം ആരംഭിച്ച അദ്ദേഹം കോട്ടയം ഡി.സി.സി. ജനറൽ സെക്രട്ടറി, കെ.പി.സി.സി. അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. 1964-ൽ കെ. എം. ജോർജിന്റെ നേതൃത്വത്തിൽ ഒരു വിഭാഗം കോൺഗ്രസ് വിട്ട് കേരള കോൺഗ്രസ് രൂപീകരിച്ചപ്പോൾ അതിൽ അംഗമായി. പിന്നീട് കേരള കോൺഗ്രസിന്റെ

നേതൃത്വനിരയിലേയ്ക്കുയർന്ന കെ. എം. മാണി 1979-ൽ പാർട്ടിയിലുണ്ടായ ചേരിതിരിവിനെത്തുടർന്ന് കേരള കോൺഗ്രസ് (എം) രൂപീകരിക്കുകയും അന്നുമുതൽ പാർട്ടിയുടെ ചെയർമാനായി പ്രവർത്തിച്ചുവരികയുമായിരുന്നു. 1965-ൽ പാലാ നിയോജകമണ്ഡലം രൂപീകരിച്ചതിനെത്തുടർന്ന് ആദ്യമായി പാലായിൽ നിന്നും നിയമസഭാംഗമായി. തുടർന്നിങ്ങോട്ട് 13 തവണ പാലായിൽനിന്നും നിയമസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ടു. മാണിസാറിന്റെ നിയമസഭയിലെ കന്നി പ്രസംഗം 1967-ലായിരുന്നു. 1975-ൽ സി. അച്യുതമേനോൻ മന്ത്രിസഭയിൽ ധനകാര്യ വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയായി. 1976-ൽ ആദ്യമായി ബജറ്റ് അവതരിപ്പിച്ചു. കേരള നിയമസഭയിൽ ഏറ്റവും കൂടുതൽ കാലം സാമാജികനായിരുന്ന വ്യക്തി, സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കാലം (25 വർഷം) മന്ത്രിയായിരുന്ന വ്യക്തി, ഏറ്റവുമധികം ബജറ്റുകൾ അവതരിപ്പിച്ച ധനകാര്യ വകുപ്പുമന്ത്രി (13 തവണ), ഒരു മണ്ഡലത്തെ ഏറ്റവുമധികം കാലം പ്രതിനിധാനം ചെയ്ത ജനപ്രതിനിധി (പാലായിൽനിന്ന് 13 തവണ) എന്നിങ്ങനെ അദ്ദേഹം സൃഷ്ടിച്ച റിക്കോർഡുകൾ തിരുത്തപ്പെടാൻ സാദ്ധ്യത കുറവാണ്. 2015-ൽ ഉമ്മൻ ചാണ്ടി മന്ത്രിസഭയിൽ ധനകാര്യ വകുപ്പുമന്ത്രിയായിരിക്കെ അവസാന ബജറ്റ് അവതരിപ്പിച്ചു. ധനവകുപ്പിനുപുറമെ ആഭ്യന്തരം, റവന്യൂ, വൈദ്യുതി, നിയമം, ജലസേചനം തുടങ്ങി അദ്ദേഹം കൈകാര്യം ചെയ്തിട്ടില്ലാത്ത വകുപ്പുകൾ കുറവാണ്.

സഭാസമ്മേളന ദിവസങ്ങളിൽ കൃത്യമായി ഹാജരാകുന്ന കാര്യത്തിൽ നിഷ്കർഷ പുലർത്തിയിരുന്ന അദ്ദേഹം ഏതു വിഷയവും ആഴത്തിൽ പഠിച്ചുമാത്രമേ നിയമസഭയിൽ സംസാരിക്കുമായിരുന്നുള്ളൂ. പറയാനുള്ള കാര്യങ്ങൾ സമയനിഷ്ഠയോടെ കാച്ചിക്കുറുക്കി അവതരിപ്പിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ ശേഷി സാമാജികർക്ക് ഒരു പാഠവും മാതൃകയുമാണ്. പാർലമെന്ററി നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടുതന്നെ ശക്തമായ സാന്നിദ്ധ്യം ഉറപ്പു വരുത്തുന്നതിൽ അദ്ദേഹം വിജയിച്ചു. ഏറ്റവും മുതിർന്ന സാമാജികനായിരുന്നിട്ടും ഒരു വിദ്യാർത്ഥിയുടെ കൗതുകത്തോടെ സഭാ പ്രവർത്തനങ്ങളിൽ ഇടപെട്ടിരുന്ന അദ്ദേഹത്തിന്റെ പ്രവർത്തന രീതി പുതിയ സാമാജികർ മാതൃകയാക്കേണ്ടതാണ്. ഭരണഘടനാ വ്യവസ്ഥകളിലും സഭാ നടപടി ചട്ടങ്ങളിലും നിയമ വശങ്ങളിലുമെല്ലാമുള്ള അവഗാഹം സഭയിൽ സമയോചിത ഇടപെടലുകൾ നടത്താൻ അദ്ദേഹത്തെ പ്രാപ്തനാക്കിയിരുന്നു. കുടിയേറ്റ കർഷകരുടെ പ്രശ്നങ്ങൾ വസ്തുതാപരമായി മനസ്സിലാക്കി അതിനനുസരിച്ചുള്ള പരിഹാരങ്ങളുണ്ടാക്കാൻ ശ്രമിച്ചതാണ് ആ മേഖലയിൽ അദ്ദേഹം ആർജ്ജിച്ച ജനപ്രീതിക്കടിസ്ഥാനമായത്. കർഷകത്തൊഴിലാളി ക്ഷേമപെൻഷനും കാരുണ്യ ലോട്ടറിയും റബ്ബർ കർഷകർക്ക് വില സ്ഥിരതാ പാക്കേജുമൊക്കെ അവതരിപ്പിക്കാൻ കഴിഞ്ഞത് അദ്ദേഹത്തിന്റെ

ശ്രദ്ധേയമായ ഭരണനേട്ടങ്ങളാണ്. പൊതുപ്രവർത്തകനുള്ള വി.പി. മേനോൻ അവാർഡ്, ഇന്റർനാഷണൽ ഫ്രണ്ട്ഷിപ്പ് സൊസൈറ്റി ഓഫ് ഇൻഡ്യ അവാർഡ്, ജർമൻ മലയാളി അസോസിയേഷൻ അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. ജനക്ഷേമം ജനങ്ങളുടെ അവകാശം, കാർഷിക സമ്പദ്ഘടനയും കേരളവും, വികസനവും വിഭവശേഷിയും എന്നിങ്ങനെ ഒരുപിടി പുസ്തകങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ജീവിതകഥയായ 'കെ. എം. മാണി എ സ്റ്റഡി ഇൻ റീജ്യണലിസം' 2015-ൽ പ്രസിദ്ധീകരിച്ചു. മാർക്സിന്റെ തൊഴിലാളിവർഗ്ഗ സിദ്ധാന്തത്തിന്റെ ചുവടുപിടിച്ച് മാണി അവതരിപ്പിച്ച അദ്ധ്വാന വർഗ്ഗ സിദ്ധാന്തം ഒട്ടേറെ ചർച്ചകൾക്കും വിമർശനങ്ങൾക്കും വിധേയമായി. നിയമസഭയിലെ ഓരോ ദിവസവും തനിക്ക് പുതിയ ദിവസമാണെന്നും സഭ തന്റെ പാഠശാലയാണെന്നും അനുസ്മരിച്ചിട്ടുള്ള കെ. എം. മാണിയുടെ നിര്യാണത്തോടെ പകരംവയ്ക്കാനില്ലാത്ത ഒരു സാമാജികനെയാണ് നമുക്ക് നഷ്ടമായത്. ഒരു ജിജ്ഞാസുവിന്റെ യൗവ്വനതീക്ഷ്ണമായ മനസ്സ് കാത്തുസൂക്ഷിച്ചിരുന്ന അദ്ദേഹം കേരളത്തിലെ മുന്നണി രാഷ്ട്രീയത്തിന്റെ ഗതിവിഗതികൾ നിർണ്ണയിക്കാൻ കെൽപ്പുണ്ടായിരുന്ന നേതാവായിരുന്നു. രാഷ്ട്രീയ പ്രവർത്തകർക്ക് എന്നും മാർഗ്ഗദർശിയായ ആ മഹാമേരുവിന്റെ സ്മരണയ്ക്കുമുന്നിൽ നമുക്ക് അഞ്ജലീബദ്ധരാകാം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ആദരണീയനായ കെ. എം. മാണിയെക്കുറിച്ച് അങ്ങ് പറഞ്ഞ എല്ലാ കാര്യങ്ങളോടും യോജിക്കുന്നു. കേരളത്തിന് പൊതുവിലും കേരള നിയമസഭയ്ക്ക് വിശേഷിച്ചും അപരിഹാര്യമായ നഷ്ടമാണ് കെ. എം. മാണിയുടെ നിര്യാണംമൂലം ഉണ്ടായിട്ടുള്ളത്. സഭയിലും പുറത്തും എല്ലാ വിഭാഗം ആളുകളുടെയും സ്നേഹാദരങ്ങൾ ആർജ്ജിക്കുന്ന വിധത്തിലുള്ള പ്രാഗത്ഭ്യംചേർന്ന വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. കേരളത്തിന്റെ താൽപ്പര്യങ്ങൾക്കുവേണ്ടി അദ്ദേഹം ഉറച്ചുനിന്നു. മലയോര പ്രദേശങ്ങളുടെയും കർഷക ജനസമൂഹത്തിന്റെയും പ്രശ്നങ്ങൾ ഏറ്റെടുക്കുന്നതിലും അത് സഭയിൽ ഉയർത്തുന്നതിലും അദ്ദേഹം ശ്രദ്ധേയമായ പങ്കാണ് വഹിച്ചത്. ഭരണപക്ഷത്താകുമ്പോഴും പ്രതിപക്ഷത്താകുമ്പോഴും ഒരുപോലെ ശ്രദ്ധിക്കപ്പെട്ട ശബ്ദമായിരുന്നു മാണി സാറെന്ന് എല്ലാവരും ആദരവോടെ വിളിച്ചിരുന്ന കെ. എം. മാണിയുടേത്. ലോക പാർലമെന്ററി ചരിത്രത്തിൽത്തന്നെ സ്ഥാനം നേടുന്ന അത്യപൂർവ്വം സാമാജികന്മാരുടെ നിരയിലാണ് കെ. എം. മാണിയുടെ സ്ഥാനം. നിയമസഭാ സാമാജികനെന്ന നിലയ്ക്ക് 54 വർഷം പൂർത്തിയാക്കുകയെന്നത് നിസ്സാര കാര്യമല്ല. അരനൂറ്റാണ്ടിലേറെ തുടർച്ചയായി നിയമനിർമ്മാണസഭയിൽ അംഗമായിരിക്കുക എന്നത് കേരള നിയമസഭയുടെ ചരിത്രത്തിൽ മറ്റൊരാൾക്കും

അവകാശപ്പെടാനില്ലാത്ത റിക്കാർഡാണ്. ലോകസഭയിൽപ്പോലും ഇതിന് സമാനമായ ഒരു റിക്കാർഡില്ല. 54 വർഷത്തിലേറെ നിയമസഭയിലുണ്ടായി എന്നതുമാത്രമല്ല, ഇടതടവില്ലാതെ തുടർച്ചയായി ഉണ്ടായി എന്നുള്ളതാണ് ശ്രദ്ധിക്കേണ്ടത്. ഇതിനിടയിൽ നടന്ന എല്ലാ നിയമസഭാ തെരഞ്ഞെടുപ്പുകളിലും മത്സരിച്ചു, എല്ലാത്തിലും ജയിച്ചു. പ്രത്യേകതകൾ തീരുന്നില്ല, ഒരേ മണ്ഡലത്തിൽനിന്നുതന്നെ ജയിച്ചു, മുന്നണികൾ മാറി മത്സരിച്ചിട്ടും ജയിച്ചു. ഇങ്ങനെയൊരു റിക്കാർഡ് ലോകത്തെവിടെയെങ്കിലും ഉണ്ടാകുമോയെന്ന് നിശ്ചയമില്ല. പല തലമുറകൾ മാറിവന്നു. അപ്പോഴും കെ. എം. മാണി നിയമസഭാംഗമായി തുടർന്നു. രാഷ്ട്രീയാഭിരുചിയും സഖ്യങ്ങളും മാറിവന്നു. അപ്പോഴും മാറാത്ത സാന്നിദ്ധ്യമായി നിയമസഭയിൽ ഒരാളേ ഉണ്ടായിരുന്നുള്ളൂ, അത് കെ. എം. മാണിയായിരുന്നു. അരനൂറ്റാണ്ടുകാലത്തെ എല്ലാ തെരഞ്ഞെടുപ്പുകളിലും മത്സരിക്കുക, എല്ലാത്തിലും ജയിച്ച് നിയമസഭയിലെത്തുക, അതും ഒരേ മണ്ഡലത്തിൽനിന്നുതന്നെ എത്തുക തുടങ്ങി പലതിനും ഇന്ത്യയ്ക്ക് മാതൃകയായിട്ടുള്ള കേരളവും കേരള നിയമസഭയും കെ. എം. മാണിയിലൂടെ പുതിയൊരു റിക്കാർഡ് ഇൻഡ്യയ്ക്കും ലോകത്തിനും മുന്നിൽവച്ചുവെന്നതാണ് സത്യം. ജയത്തിൽ മാത്രമല്ല ഈ റിക്കാർഡുള്ളത്. ഏറ്റവും കൂടുതൽ കാലം മന്ത്രിയായിരുന്ന ആൾ, അങ്ങ് പറഞ്ഞതുപോലെ ഏറ്റവും കൂടുതൽ ബജറ്റ് അവതരിപ്പിച്ച ആൾ, അങ്ങനെ പോകുന്നു കെ. എം. മാണിയുടെ റിക്കാർഡ് പരമ്പര. ഈ റിക്കാർഡുകൾ വരുംകാലത്ത് ഏതെങ്കിലും ഘട്ടത്തിൽ ആർക്കെങ്കിലും തകർക്കാനാകുമെന്ന് കരുതാൻ പറ്റില്ല. അഭിഭാഷകനും നിയമപണ്ഡിതനുമായിരുന്നു കെ. എം. മാണി. നിയമ, നീതിന്യായ രംഗത്തിനുണ്ടായ നഷ്ടം കേരള നിയമസഭയ്ക്ക് നേട്ടമായി എന്നുപറയാം. ധനം, നിയമം, റവന്യൂ തുടങ്ങി പല വകുപ്പുകളും ദീർഘകാലം അദ്ദേഹത്തിന്റെ ഭരണത്തിൻകീഴിലായിരുന്നു. ധനകാര്യം മുതൽ നിയമ കാര്യത്തിൽവരെ അദ്ദേഹം വൈദഗ്ദ്ധ്യം നേടി. ആ വൈദഗ്ദ്ധ്യം പലതരത്തിലുള്ള ഇടപെടലുകളിലൂടെ സഭയെ സമ്പന്നമാക്കുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. നിയമസഭയിൽ അരനൂറ്റാണ്ടിലേറെ കാലം തുടർന്ന കെ. എം. മാണിയിൽനിന്ന് പുതിയ തലമുറയിലെ സാമാജികർ പഠിക്കേണ്ട വലിയൊരു കാര്യമുണ്ട്. അത് സഭയിൽ ഹാജരാകുന്നതിൽ അദ്ദേഹം കാട്ടിയ കൃത്യതയാണ്. നേതാക്കന്മാർക്കും അദ്ദേഹം മാതൃകയായിരുന്നു. അദ്ദേഹം ഇറങ്ങിപ്പോക്ക് പ്രസംഗം നടത്തുന്നത് എല്ലാവർക്കും മാതൃകയായ രീതിയിലായിരുന്നു. തീർത്തും ഒഴിവാക്കാനാകാത്ത കാര്യങ്ങളുണ്ടായാലേ അദ്ദേഹം സഭ വിട്ടുനിൽക്കുകയുള്ളൂ. സഭയിലെത്തിയാൽ ഒപ്പിട്ടിട്ട് പോകുകയില്ല. മറിച്ച്, കഴിയുന്നത്ര സമയം സഭയിൽ ഇരിക്കുകയും കഴിയാവുന്ന ഘട്ടങ്ങളിലൊക്കെ ഇടപെടുകയും ചെയ്യും. നിയമനിർമ്മാണ വേളകളിൽ ഈ ഇടപെടൽ കൂടുതൽ ശ്രദ്ധേയമാകും. സഭയിലെ ഓരോ

നിമിഷത്തിൽനിന്നും തനിക്കിനിയും എത്രയോ കാര്യങ്ങൾ പഠിക്കേണ്ടതുണ്ട് എന്നതായിരുന്നു കെ. എം. മാണിയുടെ മനോഭാവം. ഇത് പുതിയ സാമാജികർ മാതൃകയാക്കേണ്ടതാണ്. ഭരണഘടനാ വ്യവസ്ഥകളും സഭാ നടപടിചട്ടങ്ങളും നിയമ വകുപ്പുകളുമെല്ലാം കൃത്യമായി മനസ്സിലാക്കാനും സമയോചിതമായി ഉപയോഗിക്കാനും അദ്ദേഹത്തിന് കഴിഞ്ഞത് സഭയിലെ സാന്നിദ്ധ്യത്തിൽ അദ്ദേഹം കാട്ടിയ നിഷ്കർഷകൊണ്ടുകൂടിയാണ്. ഇങ്ങനെ നോക്കിയാൽ പലതരത്തിലും സമാനതകളില്ലാത്ത ഒരുപാട് വശങ്ങളുള്ള വ്യക്തിത്വമാണ് അദ്ദേഹത്തിന്റേത്. ആ സ്മരണയ്ക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട സ്പീക്കറും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇവിടെ പ്രകടിപ്പിച്ച വികാരങ്ങളോട് പൂർണ്ണമായും ഞാൻ യോജിക്കുകയാണ്. കഴിഞ്ഞ നിയമസഭയിലും വളരെ സജീവമായി നിന്ന മാണിസാർ ഇന്ന് നമ്മളോടൊപ്പമില്ല എന്നുള്ളത് എല്ലാവരെയും ദുഃഖിപ്പിക്കുന്ന ഒരു കാര്യമാണ്. സ്വാതന്ത്ര്യാനന്തര കേരളത്തിലെ നെടുംതൂണുകളിലൊന്നായിരുന്നു അപ്രതീക്ഷിതമായി നമ്മെ വിട്ടുപിരിഞ്ഞ മാണിസാർ. രാഷ്ട്രീയ സംഭവ വികാസങ്ങളുടെ ഒഴുക്കനുസരിച്ച് നീങ്ങുന്നവരാണ് പല രാഷ്ട്രീയ നേതാക്കളെങ്കിലും ആ ഒഴുക്കിനെ തങ്ങളുടെ ഇച്ഛയ്ക്കനുസരിച്ച് തിരിച്ചുവിടുകയും അങ്ങനെ ചരിത്രം നിർമ്മിക്കുകയും ചെയ്ത അപൂർവ്വമായ പ്രതിഭകളെ നമ്മൾ കണ്ടിട്ടുണ്ട്. അത്തരത്തിലൊരു നേതാവാണ് മാണിസാർ. കേരള രാഷ്ട്രീയത്തെ അദ്ദേഹം പലപ്പോഴും തന്റെ വഴികളിലൂടെ തിരിച്ചുവിട്ടത് നമുക്ക് കാണാൻ കഴിയുന്ന ഒരു കാര്യമാണ്. കേരളത്തിലെ മുന്നണി രാഷ്ട്രീയത്തിലെ നെടുനായകന്മാരിൽ ഒരാളായിരുന്നു അദ്ദേഹം. ഐക്യജനാധിപത്യ മുന്നണിക്ക് ഏറ്റവും കൂടുതൽ കരുത്ത് പകർന്ന കരുത്തനും പ്രഗത്ഭനുമായ ഒരു നേതാവായിരുന്നു മാണിസാർ. ദൂരക്കാഴ്ചയുള്ള ഭരണാധികാരി, പ്രഗത്ഭനായ പാർലമെന്റേറിയൻ, ലക്ഷക്കണക്കിനാളുകൾ നെഞ്ചിലേറ്റിയ പ്രിയങ്കരനായ രാഷ്ട്രീയ നേതാവ്, രാഷ്ട്രീയ നീക്കങ്ങളുടെ മർമ്മം തൊട്ടറിഞ്ഞ തന്ത്രശാലി, നിയമങ്ങളെ തലനാരിഴകീറി വ്യാഖ്യാനിക്കാൻ കഴിയുന്ന നിയമജ്ഞൻ, അദ്ധ്വാനവർഗ്ഗത്തിന്റെ സംരക്ഷകൻ, തികഞ്ഞ മനുഷ്യസ്നേഹി... മാണിസാറിനെപ്പറ്റിയുള്ള വിശേഷണങ്ങൾ ഇങ്ങനെ നീളുകയാണ്. കഴിഞ്ഞ 54 വർഷക്കാലം അദ്ദേഹം ഈ നിയമസഭയിലുണ്ടായിരുന്നു. 13 തവണ മന്ത്രിയായിരുന്നു, 13 ബഡ്ജറ്റുകൾ അവതരിപ്പിച്ചു, ഏറ്റവും കൂടുതൽ വകുപ്പുകൾ കൈകാര്യം ചെയ്തു, ഇങ്ങനെയൊരു നേതാവ് ഇനി കേരളത്തിലുണ്ടാകുമോയെന്ന് നമുക്ക് പറയാൻ കഴിയില്ല. ഏത് കൊടുങ്കാറ്റിന്റെ നടുവിലും ഒരു മഹാമേരുവിനെപ്പോലെ അക്ഷോഭ്യനായി നിൽക്കാൻ കഴിയുന്ന അപാരമായ മനഃശക്തി അദ്ദേഹത്തിന്റെ കൈമുതലായിരുന്നു.

മാണിസാറിനോടൊപ്പം രണ്ട് മന്ത്രിസഭകളിൽ അംഗമായിരിക്കാനുള്ള അവസരം എനിക്ക് ലഭിച്ചു. 1986-ലെ കരുണാകരൻ മന്ത്രിസഭയിലും 2014-ലെ ഉമ്മൻ ചാണ്ടി മന്ത്രിസഭയിലും. 1982-ൽ ആദ്യമായി എം.എൽ.എ.ആയി നിയമസഭയിലെത്തിയ നാൾ മുതൽ രോഗാതുരനായി ആശുപത്രിയിൽ പ്രവേശിക്കുന്ന നാൾവരെ അദ്ദേഹവുമായി വളരെ അടുത്തിടപഴകാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. നാല് തവണ കോട്ടയത്തുനിന്ന് പാർലമെന്റിലേയ്ക്ക് ഞാൻ മത്സരിച്ചപ്പോൾ എന്റെ വിജയത്തിനുവേണ്ടി ഏറ്റവും കൂടുതൽ മുന്നിൽനിന്ന് പ്രവർത്തിക്കുകയും നേതൃത്വം കൊടുക്കുകയും ചെയ്ത മാണിസാറിനെ എനിക്ക് ഒരിക്കലും മറക്കാൻ കഴിയില്ല. പ്രതിസന്ധികളെ സമചിത്തതയോടെ മറികടക്കാൻ അദ്ദേഹത്തിനുള്ള അനുപമമായ കഴിവ് അത്ഭുതത്തോടെ മാത്രമേ പുതിയ തലമുറയ്ക്ക് വീക്ഷിക്കാൻ കഴിയുകയുള്ളൂ. രാഷ്ട്രീയ രംഗത്തേയ്ക്ക് യുവാക്കളെ ഏറ്റവും കൂടുതൽ പ്രോത്സാഹിപ്പിച്ച ഒരു വ്യക്തിയാണ് അദ്ദേഹം. കേരളാ കോൺഗ്രസ്സിന്റെ എം.എൽ.എ.-മാരിൽ ബഹുഭൂരിപക്ഷവും എന്നും യുവാക്കളായിരുന്നു. ചെറുപ്പക്കാർക്ക് രാഷ്ട്രീയത്തിൽ മുന്നോട്ടുവരാനുള്ള എല്ലാ പ്രോത്സാഹനവും കാലാകാലങ്ങളിൽ നൽകിവന്നിട്ടുള്ള നേതാവായി വേണം നമുക്ക് അദ്ദേഹത്തെ കാണാൻ. മാണിസാറിന് നിയമസഭ എന്നുമൊരു പാഠശാലയായിരുന്നു. 1967 മാർച്ച് 20-ലെ അദ്ദേഹത്തിന്റെ ആദ്യത്തെ നിയമസഭാ പ്രസംഗം മുതൽ ഈ നിയമസഭയിൽ അദ്ദേഹത്തിന്റെ അവസാന പ്രസംഗം വരെ വായിച്ചാൽ നമുക്കത് മനസ്സിലാകും. നന്നായി ഗൃഹപാഠം ചെയ്ത് മാത്രമേ അദ്ദേഹം 54 വർഷവും നിയമസഭയിൽ പ്രസംഗിച്ചിട്ടുള്ളൂ. ഒരു പത്രസമ്മേളനം നടത്തിയാലും അതിനുമുമ്പ് മാണിസാർ ഗൃഹപാഠം ചെയ്യുമായിരുന്നു; തനിക്ക് പറയാനുള്ള കാര്യങ്ങൾ എഴുതുമായിരുന്നു; ആ കാര്യങ്ങൾക്ക് വ്യക്തത വരുത്തുമായിരുന്നു. നിയമസഭാ ലൈബ്രറി ഏറ്റവും കൂടുതൽ ഉപയോഗിച്ച ഒരു സാമാജികൻ ആരാണെന്ന് ചോദിച്ചാൽ മാണിസാറാണെന്ന് നിസ്സംശയം നമുക്ക് പറയാൻ കഴിയും. ആദ്യകാലത്തെല്ലാം നിയമസഭയിൽ ഇല്ലെങ്കിൽപ്പിന്നെ മാണിസാറിനെ ലൈബ്രറിയിൽ കാണാമെന്നാണ് പഴയ ആളുകൾ പറഞ്ഞിട്ടുള്ളത്. മുമ്പ് നിയമസഭാ സമ്മേളനകാലത്തെല്ലാം നിയമസഭാ ലൈബ്രറിയിൽ നിന്ന് നിരന്തരം രേഖകളുടെ ഫോട്ടോകോപ്പി എടുത്തുകൊണ്ട് പോകുന്ന മാണിസാറിനെപ്പറ്റി റിട്ടയർ ചെയ്ത നിയമസഭാ ഉദ്യോഗസ്ഥന്മാർ എന്നോട് പറഞ്ഞത് ഞാൻ ഈ അവസരത്തിൽ ഓർക്കുകയാണ്. കോൺഗ്രസ്സിലൂടെ രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ച് കേരളാ കോൺഗ്രസ് എന്ന പ്രസ്ഥാനത്തെ ഒരു മഹാജനകീയ പ്രസ്ഥാനമാക്കി വളർത്തിയെടുത്ത കാര്യത്തിൽ അദ്ദേഹത്തിന്റെ പങ്ക് ചെറുതല്ല. കേരളാ കോൺഗ്രസ്സിന് ആശയപരമായ അടിത്തറയുണ്ടാക്കാനും കർഷകരുടെയും സാധാരണക്കാരുടെയും പാർട്ടിയാക്കി മാറ്റാനും കഴിഞ്ഞത് മാണിസാറിന്റെ കഠിനമായ പരിശ്രമത്തിന്റെ

ഫലമായിരുന്നുവെന്നുള്ളത് വസ്തുതയാണ്. ഏറ്റവും കൂടുതൽ ബഡ്ജറ്റ് അവതരിപ്പിച്ച മാണിസാർ വിലമതിച്ചത് താൻമൂലം സമൂഹത്തിലെ ഏറ്റവും താഴേക്കിടയിലുള്ള അവശത അനുഭവിക്കുന്നവർക്ക് എന്തെങ്കിലും പ്രയോജനമുണ്ടാകുമോ എന്നതായിരുന്നു. അതിന്റെ മികച്ച ഉദാഹരണമായിരുന്നു കാരുണ്യ ബെനവലന്റ് സ്കീം. കാരുണ്യ ലോട്ടറിയിലൂടെ സമാഹരിക്കുന്ന പണം സമൂഹത്തിലെ രോഗികളായ പാവപ്പെട്ടവരുടെ ചികിത്സയ്ക്കായി സർക്കാർ തലത്തിൽ വിതരണം ചെയ്യുക എന്ന പദ്ധതി ലോകത്തുതന്നെ ആദ്യത്തേതായിരുന്നു. അതിലൂടെ അനേക ലക്ഷം പാവപ്പെട്ട രോഗികളുടെ കണ്ണീരൊപ്പാൻ അദ്ദേഹത്തിന് കഴിഞ്ഞു. അതിന് ഇടനിലക്കാരില്ലായിരുന്നു; ഇൻഷ്വറൻസ് കമ്പനികളുടെ ഉദ്യോഗസ്ഥന്മാരുണ്ടായിരുന്നില്ല; എം.എൽ.എ.-മാരുടെ ശിപാർശ വേണ മായിരുന്നില്ല; ആര് അപേക്ഷിച്ചാലും വസ്തുതാപരമായി ശരിയാണെങ്കിൽ അവർക്ക് സഹായം കിട്ടിയിരുന്നു. മാണിസാറിന് നൽകാൻ കഴിയുന്ന ഏറ്റവും വലിയ ട്രിബ്യൂട്ട് കാരുണ്യ ബെനവലന്റ് സ്കീം പുനഃസ്ഥാപിക്കുക എന്നുള്ളതാണെന്ന് ഗവൺമെന്റിനോട് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്ന് നമ്മൾ മാണിസാറിനെ ഓർക്കുമ്പോൾ, കേരളത്തിലെ കർഷകർക്കുവേണ്ടി അതിശക്തമായി നിലകൊണ്ട രാഷ്ട്രീയ നേതാവായി മാണിസാറിനെ വിലയിരുത്താം. മണ്ണിൽ അദ്ധ്വാനിക്കുന്നവർക്ക് മാണിസാറിന്റെ മനസ്സിൽ എന്നും ഒരിടമുണ്ടായിരുന്നു. ഭരണകർത്താവെന്ന നിലയിൽ എന്ത് ചെയ്യുമ്പോഴും അത് കർഷകർക്ക് ഗുണമാകുമോ എന്നാണ് അദ്ദേഹം നോക്കിയത്. അതോടൊപ്പംതന്നെ കർഷകത്തൊഴിലാളി പെൻഷൻ, കർഷക പെൻഷൻ തുടങ്ങിയവ അദ്ദേഹത്തിന്റെ ബുദ്ധിയിലുദിച്ച ആശയങ്ങളായിരുന്നു. മാണിസാറിന്റെ പ്രശസ്തമായ അദ്ധ്വാനവർഗ്ഗ സിദ്ധാന്തത്തിന്റെ അടിസ്ഥാനംപോലും കർഷക ക്ഷേമമായിരുന്നു. പാർലമെന്റേറിയൻ എന്ന നിലയിൽ അദ്ദേഹത്തിന് പകരം വയ്ക്കാൻ സ്വതന്ത്ര ഭാരതത്തിൽ അപൂർവ്വം ചിലരേ ഉണ്ടായിട്ടുള്ളൂ. നല്ലൊരു നിയമപണ്ഡിതനായ മാണിസാർ നിയമത്തിന്റെ തലനാരിഴ കീറി ഈ നിയമസഭയിൽ തന്റെ വാദമുഖങ്ങൾ ഉന്നയിക്കുന്നത് നമ്മൾ സാകുതം കണ്ടിട്ടുണ്ട്. കേരള രാഷ്ട്രീയത്തിലെ ഒരു യുഗമാണ് മാണിസാറിന്റെ ദേഹവിയോഗത്തിലൂടെ അസ്തമിക്കുന്നത്. മാണിസാറിന്റെ ദീപ്തമായ ഓർമ്മകൾക്ക് മുന്നിൽ ഞാൻ തലകുനിക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവുമെല്ലാം ആദരണീയനായ മാണിസാറിനെക്കുറിച്ച് പറഞ്ഞ വാക്കുകളോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. കരിങ്ങോഴക്കൽ തോമസ് മാണിയുടെയും ഏലിയാമ്മയുടെയും

മകനായി അദ്ദേഹം 1933 ജനവരി 30-ന് ജനിച്ചു. എട്ടര പതിറ്റാണ്ടുകാലം നീണ്ട അദ്ദേഹത്തിന്റെ ജീവിതത്തിനിടയിൽ ഒട്ടേറെ സംഭാവനകൾ നമ്മുടെ ജനതയ്ക്കും നാടിനുംവേണ്ടി നൽകിയിട്ടുണ്ടെന്നുള്ളത് ഈ അവസരത്തിൽ അനുസ്മരിക്കുകയാണ്. സജീവ രാഷ്ട്രീയത്തിൽ പ്രവേശിക്കുന്നതിനുമുമ്പ് അഭിഭാഷകനായി പ്രവർത്തിച്ചിട്ടുണ്ട്. കോട്ടയം മരങ്ങാട്ടുപിള്ളി വാർഡ് പ്രസിഡന്റായി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലൂടെ രാഷ്ട്രീയ ജീവിതം ആരംഭിച്ച അദ്ദേഹം 1960 മുതൽ 1965 വരെ കോട്ടയം ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ സെക്രട്ടറിയായും പ്രവർത്തിച്ചു. പിന്നീട് കേരളാ കോൺഗ്രസ് രൂപീകരണത്തോടുകൂടിയാണ് പൂർണ്ണമായും കേരളാ കോൺഗ്രസ് രാഷ്ട്രീയവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള അദ്ദേഹത്തിന്റെ പ്രവർത്തനം മുന്നോട്ടുപോയത്. ഇവിടെ നേരത്തേ ചൂണ്ടിക്കാണിച്ചതുപോലെ 13 തവണ പാലാ നിയോജകമണ്ഡലത്തിൽ നിന്ന് നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. 1965 മുതൽ 2016 വരെ ഇടതടവില്ലാതെ തുടർച്ചയായ വിജയമായിരുന്നു മാണിസാർ നേടിയതെന്ന് നമുക്കെല്ലാം അറിയാവുന്നതാണ്. ഒരു നിയമസഭാ തെരഞ്ഞെടുപ്പിലും അദ്ദേഹം പരാജയം എന്തെന്ന് അറിഞ്ഞിട്ടില്ല; വിജയി മാത്രമായിട്ടാണ് അദ്ദേഹം നിലകൊണ്ടിരുന്നത്. 1965 മുതൽ 2019-ൽ മരിക്കുന്നതുവരെ പാലായുടെ ജനപ്രതിനിധിയായിരുന്നു അദ്ദേഹമെന്ന കാര്യം നമുക്കെല്ലാം അറിയാവുന്നതാണ്. ആഭ്യന്തരം, റവന്യൂ, ധനകാര്യം, നിയമം, ജലവിഭവം തുടങ്ങിയ വകുപ്പുകൾ മന്ത്രിയെന്ന നിലയിൽ അദ്ദേഹം കൈകാര്യം ചെയ്തിട്ടുണ്ട്. കേരള നിയമസഭയിൽ ഏറ്റവുമധികകാലം അംഗമായിരുന്ന വ്യക്തി, ഏറ്റവുമധികകാലം കേരളത്തിൽ മന്ത്രിയായിരുന്നതും അദ്ദേഹം തന്നെയാണ്. അരനൂറ്റാണ്ട് കാലത്തോളം കേരള രാഷ്ട്രീയത്തിന്റെ ഗതിവിഗതികളെ നിർണ്ണായകമായി സ്വാധീനിച്ച നേതാവായിരുന്നു കെ. എം. മാണി. കൃഷിഭൂമിയുടെ രാഷ്ട്രീയത്തിനൊപ്പം കർഷകരുടെ മനസ്സും കെ. എം. മാണി വ്യക്തമായി മനസ്സിലാക്കിയിരുന്നു. അദ്ദേഹം പ്രതിനിധാനം ചെയ്തിരുന്ന നാടിനോടും സമൂഹത്തിനോടും സവിശേഷമായ വാത്സല്യം പുലർത്താൻ മാണിസാർ എന്നും ശ്രദ്ധിച്ചിരുന്നു. ഒരു രാഷ്ട്രീയ നേതാവ് എന്നതിനേക്കാൾ ഒരു പൊതുപ്രവർത്തകനായിരിക്കാനാണ് അദ്ദേഹം എപ്പോഴും ശ്രമിച്ചിട്ടുള്ളത്. അധികാരം കയ്യാളിക്കൊണ്ടുള്ള പൊതുപ്രവർത്തനമാണ് രാഷ്ട്രീയമെന്ന് പറയാറുണ്ട്. എന്നാൽ അധികാര സ്ഥാനങ്ങളിലിരിക്കുമ്പോഴും രാഷ്ട്രീയ പക്ഷഭേദമന്യേ ഒരു പൊതുപ്രവർത്തകന്റെ ആർജ്ജവത്തോടെ ജനസേവനം നടത്താൻ സ്വാഭാവികമായി അദ്ദേഹത്തിന് കഴിഞ്ഞിരുന്നുവെന്നത് അദ്ദേഹത്തിന്റെ ജീവിതത്തിൽനിന്ന് വായിച്ചറിയാൻ കഴിയുന്ന കാര്യമാണ്. പൊതുജന സേവനമെന്നാൽ പാർലമെന്ററി പ്രവർത്തനങ്ങളും പ്രായോഗിക ജനസേവനവും മാത്രമല്ല, പഠനവും ഗവേഷണവും

ഉദ്ബോധനവും അധികാരഘടനകളുടെ സിദ്ധാന്തവത്കരണവും നയരൂപീകരണവും ഭരണനിർവ്വഹണവും എല്ലാം ചേർന്നതാണെന്ന് മാണിസാറിന്റെ രാഷ്ട്രീയ ജീവിതം നമ്മെ ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. കെ. എം. മാണി തന്റെ രാഷ്ട്രീയഭ്രമിക സ്വയം തേടിക്കണ്ടെത്തിയതാണ്. ജനങ്ങളുടെ അഭിവൃദ്ധിക്കുതകുന്ന രാഷ്ട്രീയ സംഹിത തേടിയുള്ള അദ്ദേഹത്തിന്റെ അന്വേഷണം അവസാനംവരെ തുടർന്നുകൊണ്ടേയിരുന്നു. 19-ാം നൂറ്റാണ്ടിലെ ജർമ്മൻ രാഷ്ട്രതന്ത്രജ്ഞനായിരുന്ന ബിസ്മാർക്ക് രാഷ്ട്രീയത്തെ നിർവ്വചിച്ചത് സാദ്ധ്യതകളുടെ കലയെന്നാണ്. രാഷ്ട്രീയ ലക്ഷ്യപ്രാപ്തിക്കായി കാർക്കശ്യമില്ലാതെ വിവിധ ജീവിതമാർഗ്ഗങ്ങളുടെ മുഴുവൻ സാദ്ധ്യതകളും തേടിയ മാണിസാർ മുന്നണി രാഷ്ട്രീയത്തിനും പ്രായോഗിക പൊതുപ്രവർത്തനത്തിനും പുതിയ മാനങ്ങൾ നൽകിയ വലിയ മനുഷ്യനായിരുന്നു. കെ. എം. മാണി എന്ന രാഷ്ട്രീയ നേതാവിനോട് വിയോജിക്കുന്നവർപോലും മാണിസാർ എന്ന പൊതു പ്രവർത്തകനോട് യോജിക്കുന്ന കാഴ്ചയാണ് നാമെന്നും കണ്ടിട്ടുള്ളത്. മാത്രമല്ല, രാഷ്ട്രീയമായ വിയോജിപ്പുകളുടെ സൗന്ദര്യം കാണുവാനും അവയോട് സഹവർത്തിത്വം പുലർത്തുവാനും അദ്ദേഹത്തിന് അനായാസം കഴിഞ്ഞിരുന്നുവെന്നതും നാം കണ്ടുകഴിഞ്ഞ കാര്യമാണ്. അറിവും അനുഭവവും തുളുമ്പുന്ന കെ. എം. മാണിയുടെ വാക്കുകൾ ഈ സഭ അമ്പതിലധികം വർഷം സശ്രദ്ധം കേട്ടു. ഇനി അദ്ദേഹത്തിന്റെ അഭാവത്തിലും മാണിസാർ ഉയർത്തിയ ചിന്തയും വാദവും ഈ സഭയേയും സാമാജികരേയും പ്രചോദിപ്പിക്കട്ടെ എന്ന് ഞാൻ ആശംസിക്കുന്നു; അതോടൊപ്പം ആദരാഞ്ജലികളും അർപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, ഇന്ത്യൻ രാഷ്ട്രീയത്തിലെതന്നെ ഊർജ്ജസ്വലനായിട്ടുള്ളൊരു പാർലമെന്റേറിയനായിരുന്നു മാണിസാർ. ഇവിടെ അങ്ങും മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവുമൊക്കെ സൂചിപ്പിച്ചതുപോലെ ആർക്കും തകർക്കാൻ കഴിയാത്ത ധാരാളം റിക്കാർഡുകൾ അദ്ദേഹത്തിന്റേതായി നിലവിലുണ്ട്. ഇത്രയുമധികം കാലം ധനകാര്യ വകുപ്പുമന്ത്രിയായിരുന്നുകൊണ്ട് ധാരാളം ബഡ്ജറ്റുകൾ അവതരിപ്പിച്ചു, ഒരേ മണ്ഡലത്തിൽനിന്നും ധാരാളം തവണ തെരഞ്ഞെടുക്കപ്പെട്ടു, ധാരാളം മന്ത്രിസഭകളിൽ അംഗമായിട്ടുള്ള, അങ്ങനെ പറഞ്ഞാൽ തീരാത്ത കുറേ റിക്കാർഡുകൾ അദ്ദേഹത്തിന്റേതായിട്ടുണ്ട്. മാണിസാർ എന്ന പേരിലാണ് അദ്ദേഹത്തെ എല്ലാവരും അഭിസംബോധന ചെയ്യാറുള്ളത്. രാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെട്ടശേഷം ഒരിക്കൽ കേരളത്തിലെത്തിയ കെ. ആർ. നാരായണൻ ഒരു യോഗത്തിൽ വച്ച് അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ 'ഞാനും അദ്ദേഹത്തെ മാണിസാർ എന്നാണ് വിളിക്കുന്നതെന്ന്' പറയുകയുണ്ടായി. ഒരു അദ്ധ്യാപകനായതുകൊണ്ടല്ല അദ്ദേഹത്തിന് മാണിസാർ എന്ന പേരുവന്നത്. എല്ലാത്തിലും അദ്ദേഹം കാണിക്കുന്ന സൂക്ഷ്മതയാണ് അദ്ദേഹത്തിന് 'സാർ' എന്ന

പേര് ലഭ്യമാക്കിയത്. ഒരു പത്രസമ്മേളനം നടത്തുകയാണെങ്കിൽപ്പോലും പത്രക്കാർക്ക് അത് വ്യക്തമായി മനസ്സിലാകണമെന്ന ഉദ്ദേശ്യത്തോടെ താൻ പറയുന്ന വാചകങ്ങൾ കൃത്യമായി ഒന്നോ രണ്ടോ തവണ ആവർത്തിച്ച് അത് കൃത്യമായിത്തന്നെ പത്രം രേഖപ്പെടുത്തുന്നുവെന്ന് ബോദ്ധ്യപ്പെട്ടശേഷം മാത്രമേ അദ്ദേഹം പത്രസമ്മേളനങ്ങൾ അവസാനിപ്പിക്കുമായിരുന്നുള്ളൂ. എന്നെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ വിയോഗം വ്യക്തിപരമായൊരു നഷ്ടംകൂടിയാണ്. എന്റെ പിതാവും അദ്ദേഹവും തമ്മിലുള്ള ആത്മബന്ധം ഞാൻ ഓർക്കുന്നുണ്ട്. ആ കാലഘട്ടത്തിൽ പലപ്പോഴും മാണി എന്ന് പറയുമ്പോൾ അതിന്റെ കൂടെ കൂട്ടിപ്പറയുന്ന പേരാണ് കോയ. ആ സമയത്ത് ഒരു സിനിമപോലും ഇറങ്ങിയിരുന്നു. 'മാണികോയകുറുപ്പ്' എന്നായിരുന്നു ആ സിനിമയുടെ പേര്. അത്രമാത്രം പത്രത്താളുകളിൽ മാണി-കോയ എന്ന കോമ്പിനേഷൻ ആ കാലഘട്ടത്തിൽ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ വിയോഗത്തിൽ വ്യക്തിപരമായിത്തന്നെ വേദനിക്കുന്ന ഒരാളാണ് ഞാൻ. അദ്ദേഹം ഹൃദയത്തിൽ ദൈവത്തിന്റെ കയ്യൊപ്പുള്ള വ്യക്തിയായിരുന്നു വെന്ന് വിശേഷിപ്പിച്ചാൽ അത് തെറ്റാവില്ല. അത്രമാത്രം കാരുണ്യമായിരുന്നു അദ്ദേഹത്തിന്റെ മനസ്സിലുണ്ടായിരുന്നത്. അദ്ദേഹത്തിന്റെ സ്ഥായിയായ ഭാവം കാരുണ്യമായിരുന്നു. കാരുണ്യവുമായി ബന്ധപ്പെട്ട് മന്ത്രിസഭയിൽ എന്തെങ്കിലും ചർച്ച വന്നാൽ അതിന് യാതൊന്നും നോക്കാതെ സഹായിക്കുകയെന്നത് അദ്ദേഹത്തിന്റെ നിത്യസ്വഭാവമായിരുന്നു. ഞാൻ സാമൂഹ്യനീതി വകുപ്പുമന്ത്രി ആയിരിക്കുമ്പോൾ അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയായിരുന്നു. കോക്ലിയർ ഇംപ്ലാന്റേഷനുവേണ്ടി (ശ്രുതി തരംഗം പദ്ധതി) അങ്ങ് കുറച്ച് പണം മാറ്റിവയ്ക്കണമെന്ന് പറഞ്ഞപ്പോൾ യാതൊന്നും നോക്കാതെ അതിന് പണം മാറ്റിവച്ചുവെന്നുമാത്രമല്ല, നൂറുദിന പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ആ പദ്ധതി യാഥാർത്ഥ്യമാക്കാൻ സഹായിച്ചു. ആ കാലഘട്ടത്തിൽ അറുന്നൂറിലധികം കുട്ടികൾക്ക് സംസാരശേഷിയും കേൾവിശേഷിയും തിരിച്ചുകിട്ടിയിട്ടുണ്ടെങ്കിൽ അത്രയും കുടുംബങ്ങൾ മാണിസാറിനോട് കടപ്പെട്ടിരിക്കുന്നുവെന്ന് ഈ സന്ദർഭത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒരു ലോട്ടറി ടിക്കറ്റ് എങ്ങനെ കാരുണ്യ പ്രവർത്തനത്തിനുവേണ്ടി ഉപയോഗപ്പെടുത്താമെന്ന് തെളിയിച്ചിട്ടുള്ള വ്യക്തിയാണ് മാണിസാർ. ഞാൻ പ്രതിപക്ഷ നേതാവ് പറഞ്ഞ വാക്കിന് അടിവരയിടുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മാണിസാറിനോടുള്ള ആദരവായി കാരുണ്യ ബെനവലന്റ് സ്കീം അതിന്റെ അതേ സ്വഭാവത്തിലും അർത്ഥത്തിലും ശക്തിയിലും തിരിച്ചുകൊണ്ടുവരണമെന്ന് അഭ്യർത്ഥിക്കാൻകൂടി ഈ അവസരം വിനിയോഗിക്കുകയാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല; ഇവിടെ പറഞ്ഞ എല്ലാ

കാര്യങ്ങളോടും എന്റെ പിന്തുണ പ്രഖ്യാപിക്കാൻ ആഗ്രഹിക്കുകയാണ്. അദ്ദേഹത്തെ വെറുക്കാനോ ദേഷ്യത്തോടുകൂടി കാണാനോ ഒരിക്കലും അദ്ദേഹം ആരേയും അനുവദിച്ചിട്ടില്ല. സ്നേഹംകൊണ്ട് അദ്ദേഹം അവരെയൊക്കെ കീഴടക്കി. ഇപ്പോഴും ഇവിടെ പുഞ്ചിരിച്ചുകൊണ്ടിരിക്കുന്ന മാണിസാറിന്റെ ചിത്രമാണ് മനസ്സിൽ വരുന്നത്. അദ്ദേഹം അവസാന കാലഘട്ടത്തിൽ രോഗത്തിനടിമയായിരുന്നു. പക്ഷെ നമുക്കാർക്കെങ്കിലും അങ്ങനെയൊരു മാണിസാർ ഈ നിയമസഭയിൽ ഇരുന്നതായി ഓർക്കാനേ കഴിയില്ല. ഉജ്ജ്വലനായിട്ടുള്ള ആ വ്യക്തിത്വത്തിനുമുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കാനും എന്റെ പ്രസ്ഥാനത്തിന്റെ വേദന അറിയിക്കാനും ഞാൻ ഈ അവസരം വിനിയോഗിക്കുന്നു.

ശ്രീ. സി. കെ. നാണു: സർ, അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും മറ്റ് കക്ഷിനേതാക്കളും മാണിസാറിനെക്കുറിച്ച് ഇവിടെ പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് ഞാനും യോജിക്കുന്നു. ഇവിടെ പറഞ്ഞതുപോലെ ഇന്ത്യയിലെ ഒരു നിയമസഭയിലും കാണാൻ സാധിക്കാത്തൊരു വ്യക്തിത്വമാണ് അദ്ദേഹത്തിന്റേത്. ഞാൻ എം.എൽ.എ. ആയി വന്നശേഷം വളരെ സ്നേഹത്തോടുകൂടി പെരുമാറുന്ന ഒരു സീനിയർ നേതാവായിട്ടാണ് എനിക്ക് മാണിസാറിനെ കാണാൻ കഴിഞ്ഞത്. ഞാൻ എം.എൽ.എ. ആയിരുന്ന അവസരത്തിലൊക്കെ ഭരണപക്ഷത്തും പ്രതിപക്ഷത്തും അദ്ദേഹമുണ്ടായിരുന്നു. ആ കാലഘട്ടത്തിലും ഇത്രയും പ്രായമുള്ളൊരു മന്ത്രിയും എം.എൽ.എ.-യുമായിട്ടും നിയമസഭയിൽ കാര്യങ്ങൾ നന്നായി പഠിക്കാൻ അദ്ദേഹം ശ്രമിക്കുന്നതുപോലെ ഞാനുൾപ്പെടെ മറ്റുള്ളവരുടെ ഭാഗത്തുനിന്നും ശ്രമമുണ്ടായോ എന്ന കാര്യം സംശയമാണ്. വിദ്യാഭ്യാസത്തിലും മറ്റ് പല കാര്യത്തിലും വളരെ മുമ്പിൽ നിൽക്കുന്നൊരു സംസ്ഥാനമാണ് കേരളം. ഒരു എം.എൽ.എ.-യും മന്ത്രിയുമെന്ന നിലയ്ക്ക് 50 വർഷം വിജയത്തോടുകൂടി മുന്നോട്ടുപോകാൻ സാധിച്ചത് ചെറിയ കാര്യമല്ല. മാണിസാറിന്റെ ദേഹവിയോഗത്തിൽ ഞാനും എന്റെ കക്ഷിയും മറ്റുള്ളവരോടൊപ്പം അനുശോചനം അറിയിക്കുന്നു.

ശ്രീ. പി. ജെ. ജോസഫ്: സർ, അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും മറ്റ് നേതാക്കളും പറഞ്ഞ കാര്യങ്ങളോട് പൂർണ്ണമായും യോജിക്കുന്നു. എന്റെ ഓർമ്മ 1970-കളിലേയ്ക്ക് പോകുകയാണ്. മാണിസാറിനെ ആദ്യമായി പരിചയപ്പെടുന്നത് ഞാൻ നിയമസഭയിൽ വന്നതിനുശേഷമാണ്. അന്നത്തെ നിയമസഭയിൽ ഉണ്ടായിരുന്നവരിൽ ഇപ്പോഴത്തെ മുഖ്യമന്ത്രി, മുൻമുഖ്യമന്ത്രിമാരായ ശ്രീ. വി. എസ്. അച്യുതാനന്ദൻ, ശ്രീ. ഉമ്മൻ ചാണ്ടി, ഞാൻ, ഇത്രയും പേരാണ് ഈ സഭയിലുള്ളതെന്നാണ് ഞാൻ കരുതുന്നത്. 1970-ൽ പഴയ

എം.എൽ.എ. ക്വാർട്ടേഴ്സിന്റെ മൂന്നാമത്തെ നിലയിലെ അങ്ങേയറ്റത്തെ മുറിയിൽ കെ. എം. ജോർജ്ജും തൊട്ടടുത്ത മുറിയിൽ ഞാനും അതിനടുത്ത മുറിയിൽ കെ. എം. മാണിയുമായിരുന്നു താമസിച്ചിരുന്നത്. മാണിസാറിനെ നോക്കുമ്പോൾ അദ്ദേഹം എപ്പോഴും മുറിയിലിരുന്ന് എന്തെങ്കിലും എഴുതിക്കൊണ്ടിരിക്കുകയായിരിക്കും. അത് പിറ്റേദിവസത്തെ നിയമസഭയിലേയ്ക്കുള്ള തയ്യാറെടുപ്പാണ്. കഠിനാദ്ധ്വാനം ചെയ്യുന്ന ഒരു നിയമസഭാ സാമാജികനാണ് അദ്ദേഹം. അന്ന് അദ്ദേഹത്തിന് 35-36 വയസ്സ് പ്രായമേയുള്ളൂ. അന്നും ഞങ്ങൾ അദ്ദേഹത്തെ മാണിസാർ എന്നുതന്നെയാണ് വിളിച്ചിരുന്നത്. 1967-ലെ നിയമസഭയിൽ കേരളാ കോൺഗ്രസിന് അഞ്ച് എം.എൽ.എ.-മാരാണുണ്ടായിരുന്നത്. കെ. എം. ജോർജ്, കെ. എം. മാണി, ഇ. ജോൺ ജേക്കബ്, ചാഴികാടൻ. അന്ന് അതിശക്തമായ ഭാഷയിൽ ഇ.എം.എസ്. ഗവൺമെന്റിനെ വിമർശിച്ചത് ഞാൻ പത്രങ്ങളിൽ വായിച്ചിട്ടുണ്ട്. 1970-ലാണ് കേരളാ കോൺഗ്രസ് യഥാർത്ഥത്തിൽ കർഷകരുടെ പാർട്ടിയായി മാറിയത്. കേരളാ കോൺഗ്രസിനെ സ്റ്റേറ്റ് പാർട്ടിയാക്കി മാറ്റണമെന്ന വലിയ ആഗ്രഹം കെ. എം. ജോർജിനും കെ. എം. മാണിക്കും ഉണ്ടായിരുന്നു. അന്നത്തെ ഒരു പ്രധാന പ്രമേയം കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിൽ പൊളിച്ചെഴുത്ത് നടത്തണമെന്നതായിരുന്നു. അധികാരങ്ങളും വരുമാനവും മുഴുവൻ കേന്ദ്രത്തിനും ചുമതലകൾ മുഴുവൻ സംസ്ഥാനത്തിനുമാണ്. ആ പ്രമേയം നിയമസഭയിൽ അവതരിപ്പിച്ചത് കെ. എം. മാണിയാണ്. എനിക്ക് തോന്നുന്നത് അന്ന് കേരളാ കോൺഗ്രസ് ഒറ്റയ്ക്കാണ്; കോൺഗ്രസ് ഇൻഡിപെൻഡന്റായുണ്ട്; ഇടതുപക്ഷ മുന്നണിയുമുണ്ട്; എല്ലാവരും അതിനോട് യോജിച്ചു. ആയിടയ്ക്കാണ് സർക്കാരിയ കമ്മീഷൻ വരുന്നത്. കേന്ദ്ര-സംസ്ഥാന സാമ്പത്തിക ബന്ധങ്ങളിൽ പൊളിച്ചെഴുത്ത് നടത്തണമെന്ന ആശയംതന്നെ സർക്കാരിയ കമ്മീഷൻ ശക്തമായി ഉന്നയിച്ചു. ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ച കാലഘട്ടത്തിൽ പല സംസ്ഥാനങ്ങളും വിട്ടുപോകുന്ന ഭീഷണിയിലാണ് ഫെഡറൽ സംവിധാനത്തിൽ കേന്ദ്രത്തിന് ഇത്രയും അധികാരങ്ങളും വരുമാനവും കൊടുത്തത്. അത് ഡയല്യൂട്ട് ചെയ്യണമെന്ന് പലപ്പോഴും ആഗ്രഹിച്ചുവെങ്കിലും നടന്നില്ല. കേരളാ കോൺഗ്രസാണ് ഈ വിഷയം സജീവമാക്കിയത്. സർക്കാരിയ കമ്മീഷൻ അത് ശക്തമായി ഉന്നയിച്ചു. ഇപ്പോഴും പ്രസക്തമായി നിൽക്കുന്നു. എല്ലാവരും യോജിക്കേണ്ട വിഷയമാണിത്. കേന്ദ്ര-സംസ്ഥാന സാമ്പത്തിക ബന്ധങ്ങളിൽ പൊളിച്ചെഴുത്ത് നടത്തണം. അതോടൊപ്പം ഞങ്ങൾ കേരളത്തിലെ റബ്ബർ, നാളികേരം തുടങ്ങിയ നാണ്യവിളകളെപ്പറ്റി നിരന്തരം പറഞ്ഞുകൊണ്ടിരുന്നു. കയറ്റിറക്കുമതി നയം നിർണ്ണായകമാണ്. പല വിളകളുടെയും വില കയറ്റിറക്കുമതി നയത്തെ ആശ്രയിച്ചാണിരിക്കുന്നത്. അതിലും മാറ്റം വരുത്തണം. ആലുവയിൽ ഞങ്ങൾ യോഗം കൂടി ചർച്ച ചെയ്തു. അന്നാണ് കർഷകരും

കർഷകത്തൊഴിലാളികളും ഒരു നാണയത്തിന്റെ ഇരുവശങ്ങളാണ്, അവർ യോജിച്ച് പ്രവർത്തിക്കേണ്ടവരാണെന്ന സുപ്രധാനമായ പ്രമേയം കൊണ്ടുവന്നത്. ആ പ്രമേയത്തെത്തുടർന്ന് ഇടതുപക്ഷവുമായി, സി.പി.ഐ. (എം.)-ഉം ആയി പല രംഗങ്ങളിലും സഹകരിച്ച് പ്രവർത്തിച്ചു. ഇ. ജോൺ ജേക്കബ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഏറ്റവും വലിയ എതിരാളിയായിരുന്നു. അദ്ദേഹം കർഷകരുടെ ആവശ്യങ്ങൾക്കുവേണ്ടി നിയമസഭയിൽ ഷർട്ടിടാതെ തോർത്ത് പുതച്ചു കൊണ്ടുവന്നത് ഞാൻ ഓർക്കുകയാണ്. നാണ്യവിളകൾക്കും കർഷകർക്കും വേണ്ടി പോരാടുന്ന ഒരു പാർട്ടി രൂപീകൃതമായപ്പോൾ ഇ. ജോൺ ജേക്കബിന് സന്തോഷമായി; സി.പി.ഐ.(എം.)-ഉം ആയുള്ള സംഘട്ടനം അവസാനിപ്പിക്കുകയും സഹകരിച്ച് ഒട്ടേറെ കാര്യങ്ങളിൽ മുന്നോട്ടുപോവുകയും ചെയ്തു. പിന്നീട് അടിയന്തരാവസ്ഥ വന്നു. ഇന്ദിരാഗാന്ധിയുടെ കാലത്ത് കേരളാ കോൺഗ്രസും കോൺഗ്രസുമായുള്ള അഭിപ്രായ വ്യത്യാസങ്ങളിലെ വിഷയങ്ങൾ ചർച്ച ചെയ്തു. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. 1975-ൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ച് ഒരു വർഷത്തിനുള്ളിൽ കേരളാ കോൺഗ്രസ് പാർട്ടി അന്നത്തെ അച്യുതമേനോൻ മന്ത്രിസഭയിൽ വന്നു. ധനകാര്യ വകുപ്പിന്റെ ചാർജാണ് കെ. എം. മാണിക്കുണ്ടായിരുന്നത്. ആദ്യത്തെ ബഡ്ജറ്റ് അന്നാണ് അവതരിപ്പിക്കുന്നത്. 1980-ൽ നായനാർ മന്ത്രിസഭയിലും അദ്ദേഹം ധനകാര്യ വകുപ്പുമന്ത്രിയായിരുന്നു. കർഷകത്തൊഴിലാളി പെൻഷൻ എന്ന ആശയം കൊണ്ടുവന്ന കെ. എം. മാണിയെപ്പറ്റി ഓർക്കുമ്പോൾ 'ഒരു പൊതുപ്രവർത്തകൻ ഏത് കാര്യം ചെയ്യുമ്പോഴും സമൂഹത്തിലെ ഏറ്റവും പാവപ്പെട്ടവന്റെ മുഖം നിങ്ങളുടെ മുന്നിലുണ്ടായിരിക്കണം, അതനുസരിച്ച് നയങ്ങൾ രൂപവത്കരിക്കണം' എന്ന് മഹാത്മാ ഗാന്ധി പറഞ്ഞ കാര്യം ഞാൻ ഓർക്കുകയാണ്. കെ. എം. മാണിയുടെ എല്ലാ ബഡ്ജറ്റിലും അത് കാണാമായിരുന്നു. കേരളാ കോൺഗ്രസ് കായൽ രാജാക്കൻമാരുടെയും തോട്ടം ഉടമകളുടെയും പാർട്ടിയാണെന്ന് പറഞ്ഞതിൽനിന്ന് ചെറുകിട കർഷകന്റെ പാർട്ടിയാണെന്ന് സ്ഥാപിച്ചെടുക്കാൻ കഴിഞ്ഞു. റബ്ബർ കർഷകരിൽ 95%-വും ഒരു ഹെക്ടറിൽ താഴെ കൃഷിഭൂമിയുള്ള ചെറുകിട കർഷകരാണ്. അതുപോലെതന്നെ നാളികേരത്തിന്റെ വിലയിടിവും കയറ്റിറക്കുമതി നയവും കർഷക പെൻഷനും അദ്ദേഹം ഇൻട്രൊഡ്യൂസ് ചെയ്തു. കാരുണ്യ ബെനവലന്റ് സ്കീം കൊണ്ടുവന്നു. പ്രതിപക്ഷനേതാവും ഡോ. എം. കെ. മുനീറും പറഞ്ഞ കാര്യമതാണ്. കാരുണ്യ പദ്ധതിയെക്കുറിച്ച് തിരുവനന്തപുരത്ത് നടന്ന ഒരു യോഗത്തിൽ ശ്രീ. അരുൺ ജെയ്റ്റ്ലി പങ്കെടുത്തുകൊണ്ട് പറഞ്ഞത് ഇന്ത്യയ്ക്കാകെ മാതൃകയാകേണ്ടതാണ് ഈ പദ്ധതിയെന്നാണ്. മറ്റേതെങ്കിലും ഇൻഷ്വറൻസ് പദ്ധതിയുമായി ചേർക്കാതെ കാരുണ്യ പദ്ധതി അതേപടി തുടർന്നാൽ ഏറ്റവും ഭംഗിയായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. പാവപ്പെട്ടവന്

ഏറ്റവും വലിയ ആശ്വാസമാകുന്നതും ആരുടെയും ശിപാർശയില്ലാതെ ചികിത്സാ റിക്കാർഡ് അനുസരിച്ച് സഹായം നൽകാൻ കഴിയുന്നതുമായ പദ്ധതിയാണിത്. അത് തുടരുന്നത് അദ്ദേഹത്തിനുവേണ്ടി ചെയ്യാവുന്ന ഏറ്റവും നല്ല കാര്യമാണ്. മാണിസാറും ഞാനുമായി ഇണങ്ങിയും പിണങ്ങിയും 20 വർഷം ഞങ്ങൾ ഇടതുമുന്നണിയിലായിരുന്നു. ഇടതുമുന്നണിയിൽനിന്നും ഞാൻ എന്തുകൊണ്ട് വിട്ടുപോയിയെന്ന് ചോദിച്ചാൽ ഒറ്റ കാര്യമേ പറയാനുള്ളൂ, മാണിസാറുമായി യോജിച്ചുപോകാമെന്ന് അദ്ദേഹം എന്നെ വിളിച്ചുപറഞ്ഞതിന്റെ അടിസ്ഥാനത്തിലാണത്. അന്ന് ഞാൻ മന്ത്രിസഭയിലുണ്ട്. വിഷയം ചർച്ച ചെയ്തപ്പോൾ ചെയർമാൻ സ്ഥാനം ഞങ്ങൾക്ക് വിട്ടുതന്നാലേ യോജിച്ചുപോകൂ എന്ന് ഞാൻ പറഞ്ഞു. അപ്പോൾ മാണിസാർ സ്നേഹപൂർവ്വം വിളിച്ചുപറഞ്ഞു, 'ഔസേപ്പച്ചാ, ഞാനല്ലേ സീനിയർ; അതുകൊണ്ട് എന്നെ ചെയർമാനായി അംഗീകരിക്കുക; ഔസേപ്പച്ചൻ വർക്കിംഗ് ചെയർമാനായിരിക്കുക' എന്ന്. അങ്ങനെ ഞാൻ പ്രവർത്തിച്ചു. ഈ കാലയളവിൽ അഭിപ്രായവ്യത്യാസമുണ്ടായിട്ടുണ്ട്. എന്നെ വിളിച്ച് അദ്ദേഹം സംസാരിക്കും. ഞങ്ങൾ യോജിച്ചാണ് മുന്നോട്ടുപോയിരുന്നത്. ഏറ്റവും ഒടുവിൽ അദ്ദേഹം ഐ.സി.യു.വിൽ കിടക്കുമ്പോൾ രണ്ടുപേരാണ് അദ്ദേഹത്തെ കണ്ടത്. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും ഞാനും. ഞാൻ അദ്ദേഹത്തെ വിളിച്ചു, അദ്ദേഹം കണ്ടു. 13 തവണ തുടർച്ചയായി നിയമസഭാംഗമാകണമെങ്കിൽ ഒരു ആത്മബന്ധം അവിടത്തെ ജനങ്ങളുമായുണ്ടാകണം. അത് അദ്ദേഹം പുലർത്തിയിരുന്നു. എന്ത് പറയുമ്പോഴും പാലാ നിയോജകമണ്ഡലത്തെക്കുറിച്ച് പറയും; അതിന്റെ അംഗീകാരം അദ്ദേഹത്തിന് കിട്ടി. കേരള ജനതയും ഇന്ത്യയും ആ ജനപ്രതിനിധിയെ അംഗീകരിക്കുന്നു. ചെറുപ്പക്കാർക്ക് ഏറ്റവും നല്ല മാതൃകയാണ് അദ്ദേഹം. കഠിനാദ്ധ്വാനം ചെയ്യുന്നയാളാണ്. ചിറ്റ് ബുക്കില്ലാതെ ഒന്നുമില്ല. ഒടുവിൽ പാർട്ടി മീറ്റിംഗിൽ പങ്കെടുക്കുമ്പോഴും ചിറ്റ് ബുക്ക് കരുതിയിരുന്നു. ഒന്നും വിട്ടുപോകാതെ എല്ലാ കാര്യങ്ങൾക്കും മറുപടി പറയും. അങ്ങനെ ശ്രദ്ധയോടുകൂടി രാഷ്ട്രീയം കൈകാര്യം ചെയ്തിരുന്ന, സാധാരണക്കാർക്കുവേണ്ടി അദ്ധ്വാനിച്ച, മുഴുവൻ സമയവും പൊതു പ്രവർത്തകനായിരുന്ന, അദ്ദേഹത്തിന്റെ വിയോഗം കേരള കോൺഗ്രസ് പാർട്ടിക്കും സംസ്ഥാന രാഷ്ട്രീയത്തിനും ദേശീയ രാഷ്ട്രീയത്തിനും തീരാനഷ്ടമാണ്. സംസ്ഥാന പാർട്ടികൾക്ക് ദേശീയ കാഴ്ചപ്പാടുണ്ടാകണമെന്നത് അദ്ദേഹം പറഞ്ഞ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. പല സ്ഥലത്തും സംസ്ഥാന പാർട്ടികൾ ശക്തിപ്പെടുന്നത് ദേശീയ കാഴ്ചപ്പാടോടുകൂടിയാണെങ്കിൽ ഒരപകടവുമില്ല. തമിഴ്നാട്ടിലും ആന്ധ്രാപ്രദേശിലും പശ്ചിമബംഗാളിലും ഒഡീഷയിലും വരുന്ന കാര്യങ്ങൾ നോക്കുമ്പോൾ, confederation of State parties രൂപീകരണത്തിന് ഔസേപ്പച്ചൻ മുൻകയ്യെടുക്കണമെന്നാണ് അദ്ദേഹം ഒരിക്കൽ പറഞ്ഞത്.

നമുക്കാർക്കും ശക്തിയില്ല; എങ്കിലും അങ്ങനെയൊരു ആശയം നല്ലതാണ്; എന്നിട്ട് ഇന്ത്യയുടെ വികസനത്തിനായി ചർച്ച ചെയ്യാം. അങ്ങനെ ദേശീയ കാഴ്ചപ്പാടുള്ള സംസ്ഥാന പാർട്ടിയുടെ നേതാവായിരുന്ന അദ്ദേഹം പോകുമ്പോൾ ദേശീയ രാഷ്ട്രീയത്തിനും കേരളത്തിനും തീരാനഷ്ടമാണ്. അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

<u>ശ്രീ. തോമസ് ചാണ്ടി</u>: സർ, 1965-ൽ ഞാൻ സ്കൂൾ വിദ്യാർത്ഥിയായിരുന്ന കാലത്താണ് കേരള കോൺഗ്രസ് രൂപീകരിച്ചത്. പാലമില്ലാത്ത നെടുമുടിയിലെ ചങ്ങാടത്തിൽ കാമരാജ് നാടാർ കാറിൽ കയറികിടന്നപ്പോൾ, ബോട്ടുകൾ അതിന്റെ ചുറ്റുമിട്ട് 'കാമാരാജാ അണ്ണാച്ചി, 65-ൽ പാർക്കലാം' എന്ന് മുദ്രാവാക്യം വിളിക്കുന്ന കേരള കോൺഗ്രസുകാരെ ഞാൻ ഓർക്കുകയാണ്. ആ കാലഘട്ടം മുതൽ ഇങ്ങോട്ട് കേരള കോൺഗ്രസിന്റെ ചരിത്രത്തിൽ എന്നും ഓർമ്മയിൽ നിൽക്കുന്ന ഒരു പേരാണ് കെ. എം. മാണി. പാലാ നിയോജകമണ്ഡലമുണ്ടാകുന്നത് 1965-ലാണെന്ന് തോന്നുന്നു. അന്നുമുതൽ ഇന്നുവരെയുള്ള 54 വർഷക്കാലം ആ നിയോജക മണ്ഡലത്തിൽ അജയ്യനായും അതുപോലെ കേരള നിയമസഭയിൽ 13 പ്രാവശ്യം ബഡ്ജറ്റ് അവതരിപ്പിക്കുകയും 25 വർഷക്കാലം മന്ത്രിയായിരിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ഇനി അതാർക്കും ഭേദിക്കാനൊക്കുമെന്ന് തോന്നാത്ത വിധത്തിൽ കേരള രാഷ്ട്രീയത്തിൽ അജയ്യനായിരിക്കുകയും ചെയ്ത അദ്ദേഹം റബ്ബർ കർഷകരുടെയും കുടിയേറ്റ കർഷകരുടെയും സ്നേഹിതനായിരുന്നു. അതുപോലെതന്നെ അദ്ദേഹം കുട്ടനാട്ടിലെ നെൽകർഷകരെയും സ്നേഹിച്ചിരുന്നു. അദ്ദേഹത്തിന്റെ ദേഹവിയോഗം കേരള രാഷ്ട്രീയത്തിൽ ഒരു തീരാനഷ്ടമാണ്. അദ്ദേഹത്തിന്റെ പാർട്ടിക്കും കുടുംബത്തിനും അനുശോചനം അറിയിച്ചുകൊണ്ടും അദ്ദേഹത്തിന്റെ ഓർമ്മകൾക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടും ഞാൻ നിർത്തുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഇവിടെ അങ്ങും മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവുമൊക്കെ അഭിപ്രായപ്പെട്ട കാര്യങ്ങളോട് ഞാനും യോജിക്കുകയാണ്. ഏറ്റവും ശക്തനായ ഒരു ഭരണാധികാരിയും മികവുള്ള ഒരു പാർലമെന്റേറിയനും നിയമവിദഗ്ദ്ധനുമൊക്കെയായി കേരളത്തിന്റെ രാഷ്ട്രീയ, പൊതുരംഗങ്ങളിൽ നിറസാന്നിദ്ധ്യമായി നമ്മളോടൊപ്പമുണ്ടായിരുന്ന മാണിസാറിന്റെ വേർപാട് തീർച്ചയായും വലിയൊരു നഷ്ടം തന്നെയാണ്. അദ്ദേഹത്തിന്റെ അവസാന യാത്രയിൽ അദ്ദേഹത്തെ ഒരുനോക്ക് കാണാൻ കടന്നുവന്ന ലക്ഷങ്ങൾ സാക്ഷ്യപ്പെടുത്തുന്നത് അദ്ദേഹത്തിന്റെ സ്ഥാനം ജനങ്ങളുടെ മനസ്സിന്റെ ആഴങ്ങളിലായിരുന്നുവെന്നുള്ളതാണ്. ഓരോ വ്യക്തിയിലേയ്ക്കും അദ്ദേഹം ഇറങ്ങിച്ചെന്നിരുന്നു. ഓരോ വ്യക്തിയിലേയ്ക്കും അദ്ദേഹത്തിന്റേതായ സ്വാധീനം

ചെലുത്തുവാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നുവെന്നത് വലിയൊരു വസ്തുതയാണ്. റിക്കാർഡുകളുടെ തോഴനായി അദ്ദേഹത്തെ നമ്മളെല്ലാം വിശേഷിപ്പിക്കുമ്പോൾ, 54 വർഷത്തിൽ കൂടുതൽ ഒരു നിയമസഭാ സാമാജികനായിരിക്കാൻ കഴിഞ്ഞ ആ റിക്കാർഡുകൾ അദ്ദേഹത്തെ കൂടുതൽക്കൂടുതൽ വിനീതനാക്കുകയാണ് ചെയ്തത്. എത്രയോ നാൾ ജനങ്ങളോടൊപ്പം നിന്നുവെന്നുള്ളതുകൊണ്ടാണ് ജനങ്ങൾ അദ്ദേഹത്തെ ഒരിക്കലും കൈവിടാതെ നിന്നത്. അദ്ദേഹത്തിന്റെ ഓരോ വാക്കുകളും പ്രസംഗങ്ങളും പ്രവൃത്തികളുമൊക്കെ സാധാരണക്കാരോട് ചേർന്നു നിന്നുകൊണ്ടായിരുന്നു. ഒരു ഭരണാധികാരി എന്ന നിലയിൽ കർഷകത്തൊഴിലാളി പെൻഷൻ, കാരുണ്യ പദ്ധതി, റബ്ബർ സ്ഥിരതാ ഫണ്ട് എന്നിവയിലൊക്കെ സാധാരണക്കാർ, കർഷകർ, സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിലുള്ളവർ എന്നിവരായിരുന്നു അദ്ദേഹത്തിന്റെ മനസ്സിൽ എപ്പോഴുമുണ്ടായിരുന്നത്. കാരുണ്യ പദ്ധതി അതേ അർത്ഥത്തിൽ പുനഃസ്ഥാപിക്കണമെന്ന് പറയുമ്പോൾ അത് പ്രതിപക്ഷത്തിന്റെ മാത്രമല്ല, സഭയുടെ; സമൂഹത്തിന്റെ പൊതുവായൊരു വികാരമാണ് എന്നുകൂടി ഞാൻ ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. അത് പുനഃസ്ഥാപിക്കാനുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കാൻ കൂടി ഈ സന്ദർഭം ഞാൻ വിനിയോഗിക്കട്ടെ. പ്രസംഗത്തിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല, എന്റെ പിതാവുമായി അദ്ദേഹത്തിന് നല്ല ആത്മബന്ധമുണ്ടായിരുന്നു. അവർ തമ്മിൽ ധാരാളം വാദപ്രതിവാദങ്ങളുണ്ടായിട്ടുണ്ട്. അത് കേരള കോൺഗ്രസിന്റെ പൊതുവായ രാഷ്ട്രീയത്തിന്റെ ഭാഗമാണ്. പക്ഷെ അവർ തമ്മിലുള്ള വ്യക്തിബന്ധത്തിൽ ഒരിക്കലും വീഴ്ചയുണ്ടായിട്ടില്ല എന്നത് വസ്തുതയാണ്. നല്ലൊരു ആത്മബന്ധം അവർ തമ്മിൽ എല്ലാ സന്ദർഭങ്ങളിലും കാത്തുസൂക്ഷിച്ചിരുന്നു. മാണിസാറിന്റെ വിയോഗം തീരാനഷ്ടമാണ്. അദ്ദേഹത്തിന്റെ കുടുംബത്തിനുണ്ടായിരിക്കുന്ന ദുഃഖത്തിൽ ഞാനും പങ്കുചേരുന്നു. അദ്ദേഹത്തിന്റെ നല്ല ഓർമ്മകൾക്ക് മുമ്പിൽ ശിരസ് നമിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഇവിടെ അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവ് ഉൾപ്പെടെയുള്ളവരും രേഖപ്പെടുത്തിയ അഭിപ്രായങ്ങളോട് ഞാനും യോജിക്കുകയാണ്. കൂട്ടിച്ചേർക്കലുകളൊന്നും ആവശ്യമില്ല എന്നെനിക്കറിയാം. ഈ സഭയുടെ സചേതന സാന്നിദ്ധ്യമായി എന്നും നിറഞ്ഞുനിന്നിരുന്ന പ്രഗത്ഭമതിയായ ഒരു ജനപ്രതിനിധിയുടെ വിയോഗം നമ്മുടെ മനസ്സിൽ സൃഷ്ടിച്ച ദുഃഖത്തെ വാക്കുകളിൽ രേഖപ്പെടുത്താൻ കഴിയില്ല. ദീർഘകാലമായി ഒരു പ്രദേശത്തെ പ്രതിനിധാനം ചെയ്തുകൊണ്ടും മന്ത്രിപദം

അലങ്കരിച്ചുകൊണ്ടും ബഹുമുഖമായ വ്യക്തിത്വംകൊണ്ട് കേരളത്തിലെ രാഷ്ട്രീയചരിത്രത്തിന്റെ ഭാഗമായിരുന്നു കെ. എം. മാണി. നമ്മളെല്ലാം മാണിസാർ എന്നുവിളിക്കുന്ന ആ വ്യക്തിയെ ഞാൻ ഓർമ്മിക്കുകയാണ്. 1980-ൽ ഇ. കെ. നായനാർ മന്ത്രിസഭയുടെ കാലത്താണ് അദ്ദേഹം മന്ത്രിയായത്. അതുപോലെ നിയമസഭാംഗമായി ഇവിടെയെത്തിയപ്പോഴും ആ നിലയ്ക്ക് അദ്ദേഹവുമായി ബന്ധപ്പെടാനും മന്ത്രി എന്ന നിലയ്ക്ക് പരിചയപ്പെടാനും സാധിച്ചത് ഞാൻ ഓർക്കുകയാണ്. അങ്ങനെ ഓർക്കാനും ഓമനിക്കാനും ആദരിക്കാനും കഴിയുന്ന നിരവധി അനുഭവങ്ങളും അനുഭൂതികളും ഈ സഭയ്ക്കുണ്ടെന്ന് എനിക്കറിയാം. ഞാൻ ദീർഘിപ്പിക്കുന്നില്ല, അദ്ദേഹത്തിന്റെ പ്രയോഗചാതുരി വളരെ ശ്രദ്ധേയമായിരുന്നു. അദ്ധ്വാന വർഗ്ഗസിദ്ധാന്തത്തോടൊപ്പം തന്നെ അഡീഷണാലിറ്റി അദ്ദേഹത്തിന്റെ ഒരു പ്രയോഗമായിരുന്നു. അതുപോലെ ബഡ്ജറ്റ് മിച്ചമാണോ എന്നുചോദിച്ചാൽ മിച്ചമാണ്; കമ്മിയാണോ എന്നുചോദിച്ചാൽ കമ്മിയാണ് എന്നാണ് അദ്ദേഹം പറഞ്ഞത്. അങ്ങനെയുള്ള ആകർഷകമായ നർമ്മം കലർന്ന പദപ്രയോഗങ്ങൾ നടത്തി സവിശേഷത സൃഷ്ടിച്ചിട്ടുള്ള ഒരു വാഗ്മി കൂടിയായിരുന്നു അദ്ദേഹമെന്ന് ഞാൻ ഓർമ്മിക്കുകയാണ്. അദ്ദേഹത്തിന്റെ പ്രോജ്ജ്വലമായ ഓർമ്മകൾക്കുമുമ്പിൽ ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഇവിടെയുണ്ടായിരുന്ന അദ്ദേഹത്തിന്റെ സാന്നിദ്ധ്യം ഇപ്പോഴില്ല എന്ന് വിശ്വസിക്കാൻ കഴിയാത്ത വിധമാണ് അദ്ദേഹവുമായി നമുക്കുള്ള വ്യക്തിബന്ധം. അദ്ദേഹത്തിന്റെ ദീപ്തമായ ഓർമ്മകൾക്കുമുമ്പിൽ ഒരിക്കൽക്കൂടി ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. ഒ. രാജഗോപാൽ:</u> സർ, മൂന്നു കൊല്ലം മുമ്പ് നിയമസഭാംഗമായി വന്ന അവസരത്തിൽ ഞാൻ നവാഗതനായിരുന്നു, വ്യവസ്ഥകളൊന്നും അറിയില്ല. മാതൃകാപരമായി ഒരു എം.എൽ.എ. എങ്ങനെ പ്രവർത്തിക്കണമെന്ന് മനസ്സിലാക്കാൻ എന്റെ അടുത്തിരുന്ന കെ. എം. മാണിയുടെ സാന്നിദ്ധ്യംകൊണ്ട് സാധിച്ചു; അതൊരു വലിയൊരു ഭാഗ്യമായി തോന്നുന്നു. ഞാൻ ശ്രദ്ധിച്ചിട്ടുള്ള ഒരു കാര്യം, അദ്ദേഹം എപ്പോഴും റൂൾസ് ഓഫ് ബിസിനസ്സ് എന്ന പുസ്തകം സഭയിൽ കൊണ്ടുവരുമായിരുന്നു. ഇവിടെ എങ്ങനെ കാര്യങ്ങൾ നടക്കണമെന്നതിനെപ്പറ്റി വ്യക്തമായി അദ്ദേഹത്തിന് അറിയാവുന്നതാണ്. പക്ഷെ ഓരോന്നും നോട്ട് ചെയ്ത് അതാത് സമയത്ത് എടുത്തുപറയുമ്പോൾ അതിനെ മറികടക്കാൻ ആർക്കും സാധിക്കില്ലായിരുന്നു. അദ്ദേഹത്തിന്റെ കഴിവുകളെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. അതൊക്കെ പറയേണ്ട കാര്യങ്ങളാണ്. ഞാൻ കൂടുതൽ പറഞ്ഞ് സമയം കളയാൻ ആഗ്രഹിക്കുന്നില്ല. ഒരു കാര്യം പറയേണ്ടതായിട്ടുണ്ട്. മുതലാളി വർഗ്ഗവും തൊഴിലാളി വർഗ്ഗവും എന്ന് രണ്ട് വർഗ്ഗമേയുള്ളൂ എന്ന് ലോകത്തിൽ ഒരു പ്രബലമായ ചിന്താഗതിയുണ്ടായിരുന്നു. അതിനോട്

യോജിക്കാത്ത പല ആൾക്കാരുമുണ്ട്. അദ്ധ്വാനവർഗ്ഗം മുതലാളിയും തൊഴിലാളിയും മാത്രമല്ല, ഒരേ ആൾ തന്നെ മുതലാളിയും തൊഴിലാളിയുമായിട്ടുള്ള ധാരാളം ഉദാഹരണങ്ങളുണ്ട്. ആ നിലയ്ക്ക് അദ്ധ്വാനവർഗ്ഗമെന്ന ഒരു തിയറിക്ക് രൂപം കൊടുത്തത് അദ്ദേഹമാണെന്നുള്ളത്, അദ്ദേഹത്തിന്റെ കോൺട്രിബ്യൂഷനുള്ള ആ മേഖലയായിരുന്നുവെന്ന് എനിക്ക് തോന്നുന്നു. മറ്റൊന്ന്, കാരുണ്യ പദ്ധതിയുടെ കാര്യം ഇവിടെ പറയുകയുണ്ടായി. ഇവിടെ പറഞ്ഞതുപോലെയും പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ചതുപോലെയും അത് തുടരാൻ വേണ്ടിയുള്ള വ്യവസ്ഥയുണ്ടായാൽ പാവങ്ങൾക്ക് വളരെ പ്രയോജനകരമായിരിക്കും. അദ്ദേഹത്തിന്റെ പ്രായോഗിക ബുദ്ധിയുടെ ഒരു അനുഭവം കേന്ദ്രത്തിൽ അർബൻ ഡെവലപ്മെന്റ് മിനിസ്ട്രിയുടെ ചുമതലയുണ്ടായിരുന്ന അവസരത്തിൽ എനിക്ക് കാണാൻ സാധിച്ചു. കേരളത്തിൽ ഹഡ്കോയ്ക്ക് വേണ്ടി എന്തെങ്കിലും ചെയ്യാൻ ഒരവസരം കിട്ടുമോ എന്ന് അന്വേഷിച്ചപ്പോഴാണ് കേരളം ബ്ലാക്ക് ലിസ്റ്റിൽപ്പെട്ടിരിക്കുന്നുവെന്ന് മനസ്സിലായത്. അവർ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുത്ത് റീപേ ചെയ്യുന്നില്ല, അതുകൊണ്ട് ബ്ലാക്ക് ലിസ്റ്റിൽപ്പെട്ടിരിക്കുന്നുവെന്ന് അറിഞ്ഞ അവസരത്തിൽ വലിയ വിഷമം തോന്നി. കേരളത്തിനെ സഹായിക്കാൻ സാധിക്കാത്ത ഒരു സ്ഥിതിയായി. ഇത് എങ്ങനെ മറികടക്കാമെന്നുള്ളതിനെ സംബന്ധിച്ച് ചർച്ച ചെയ്തു. അന്ന് കേരളത്തിൽ തന്നെ ഏതാണ്ട് ഒരു ലക്ഷത്തോളം പാവപ്പെട്ടവർക്ക് വീട് നിർമ്മിക്കാൻ വേണ്ടിയുള്ള ഒരു സ്കീമുണ്ടായി. ആ സ്കീം തുടങ്ങാൻ തീരുമാനിച്ചു. അതിന് കേന്ദ്രത്തിന്റെ സഹായവുമുണ്ടായിരുന്നു. പക്ഷെ കേരളത്തിൽ 50000 പാവപ്പെട്ട ആൾക്കാർ ഇത് കിട്ടുമെന്നുള്ള പ്രതീക്ഷയിൽ ആ വീടുകളാക്കെ തട്ടിനിരത്തി വെറും തറ മാത്രമായി നിൽക്കുമ്പോഴാണ് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുക്കാത്തതുകൊണ്ട് ഇവർ ബ്ലാക്ക് ലിസ്റ്റ് ചെയ്തിരിക്കുന്നുവെന്ന് മനസ്സിലായത്. അത് മറികടക്കാൻ എന്താണ് മാർഗ്ഗം? മാണിസാറും അന്നത്തെ ധനകാര്യവകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. ശങ്കരനാരായണനും കേന്ദ്രത്തിൽ വന്നപ്പോൾ അവരുമായി ഇക്കാര്യം ചർച്ച ചെയ്ത് പ്രായോഗിക ബുദ്ധിയോടുകൂടിയുള്ള ഒരു പോംവഴി കണ്ടെത്താൻ സാധിച്ചു. ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ അദ്ദേഹത്തിന്റെ ലീഗൽ അക്യുമെൻ എങ്ങനെ പ്രവർത്തിച്ചു എന്നുള്ളതിന്റെ ഒരു നല്ല ഉദാഹരണം കാണാൻ സാധിക്കുകയുണ്ടായി. അതിനുവേണ്ടി വീണ്ടും പഴയ ലോണുകളെല്ലാം വെട്ടിക്കുറച്ച്, ബാക്കി കൊടുക്കാനുള്ളതിനെ ഇൻസ്റ്റാൾമെന്റായി തിരിച്ചുകൊടുക്കാനായി പുതിയ എഗ്രിമെന്റുണ്ടാക്കി. അതനുസരിച്ച് വരുന്ന തുക പഴയ രീതിയിൽ വകമാറി ചെലവഴിക്കുന്ന ഒരു വ്യവസ്ഥ ഇല്ലാതിരിക്കാൻ വേണ്ടി എസ്ക്രോ അക്കൗണ്ട് എന്നൊരു സംവിധാനവുമുണ്ടാക്കി. ആ പണം നേരെ അതിലേയ്ക്ക് തന്നെ അയയ്ക്കാനുള്ള എഗ്രിമെന്റുണ്ടാക്കി. അതിന്റെ ഫലമായി 50000-ത്തോളം പേർക്ക് വീണ്ടും വീട് നിർമ്മിക്കാനുള്ള സാഹചര്യം ഒരുക്കിയത് മാണിസാറിന്റെ

കാഴ്ചപ്പാടും വീക്ഷണവുമാണ്. അങ്ങനെ പ്രായോഗികമായ രീതിയിൽ ജനങ്ങളെ സഹായിക്കാൻ സാധിക്കുമെന്നുള്ളത് തെളിയിച്ചിട്ടുള്ളതും ഒരു നല്ല മാതൃകയാണ്. അത്തരത്തിലുള്ള ഒരു മഹാനായിരുന്നു അദ്ദേഹം. അദ്ദേഹം രൂപം കൊടുത്ത അദ്ധ്വാനവർഗ്ഗ സിദ്ധാന്തം എല്ലാവർക്കും പ്രയോജനകരമായി. ശ്രീ. അരുൺ ജെയ്റ്റ്ലിക്കും മറ്റും വളരെയേറെ ബോദ്ധ്യം വന്നിട്ടുള്ള, അംഗീകാരം കിട്ടിയിട്ടുള്ള ചിന്താഗതിയായിരുന്നു അത്. അത് പ്രബലമാകട്ടെ എന്ന് ആശംസിച്ചുകൊണ്ട്; അതിനുവേണ്ടി മാതൃകാപരമായി പ്രവർത്തിച്ചിട്ടുള്ള അദ്ദേഹത്തിന് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു, നമസ്കാരം.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ഇന്ത്യൻ ജനാധിപത്യ ചരിത്രത്തിലെ റെക്കോഡുകളുടെ ആളായിരുന്നു മാണിസാർ. കേരള കോൺഗ്രസ് രൂപീകരിച്ച കാലം മുതൽ എന്റെ പിതാവിനൊപ്പം ഒരുമിച്ച് പ്രവർത്തിച്ചയാളാണ് അദ്ദേഹം. അവർ രണ്ടുപേരും രണ്ടുപക്ഷത്ത് നിൽക്കുമ്പോഴും സ്നേഹബന്ധം വച്ചുപുലർത്തിയിരുന്നു. 2001-ലും 2011-ലും അദ്ദേഹത്തോടൊപ്പം മന്ത്രിസഭയിൽ അംഗമാകാൻ എനിക്ക് ഭാഗ്യം ലഭിച്ചിട്ടുണ്ട്. 2001-ലാണ് ഞാൻ രാഷ്ട്രീയത്തിലേയ്ക്കും നിയമസഭയിലേയ്ക്കും മന്ത്രിസഭയിലേയ്ക്കും വരുന്നത്. എന്റെ സുഹൃത്തായ ഡോ. എം. കെ. മുനീർ സരസമായ തമാശകൾ പറയും. ഞങ്ങൾ രണ്ടുപേരുമാണ് അന്ന് മന്ത്രിസഭയിലെ ഏറ്റവും പ്രായം കുറഞ്ഞ വ്യക്തികൾ. ഞങ്ങൾ മാറിനിന്ന് തമാശകൾ പറയുമ്പോൾ മാണിസാർ അടുത്തേയ്ക്ക് വരും. ഡോ. എം. കെ. മുനീർ പറയുന്ന തമാശകേട്ട് ഞങ്ങൾ പൊട്ടിച്ചിരിക്കുമ്പോൾ മാണിസാർ എന്താണെന്ന് വന്ന് ചോദിക്കുകയും അക്കാര്യം പറയുമ്പോൾ മാണിസാർ ഞങ്ങളോടൊപ്പം ചേർന്ന് പൊട്ടിച്ചിരിച്ച് ഞങ്ങളുടെ തോളിൽ തട്ടുകയും ചെയ്യും. കോളേജിൽ ജൂനിയർ സ്റ്റുഡന്റ്സ് പറയുന്ന തമാശ കേട്ട് സീനിയർ സ്റ്റുഡന്റ്സ് ചിരിക്കുന്നതുപോലെ അദ്ദേഹം ഞങ്ങളോടൊപ്പം ഇടപെടുമായിരുന്നു. പ്രായത്തിൽ വളരെ അന്തരമുള്ള രണ്ട് തലമുറകൾ തമ്മിലുള്ള അകലം ഒഴിവാക്കിക്കൊണ്ടാണ് മാണിസാർ അദ്ദേഹത്തിന്റെ രാഷ്ട്രീയ കാഴ്ചപ്പാടുകൾ നിർണ്ണയിച്ചിരുന്നത്. 85-ാം ജന്മദിനത്തിന് ഈ സഭയിൽ, ഈ കസേരയിലിരുന്നുകൊണ്ട് ആഹ്ലാദം പങ്കുവച്ച് പൊട്ടിച്ചിരിച്ച മാണിസാർ ഇന്ന് നമ്മളോടൊപ്പമില്ല. ശ്രീ. വി. പി. സജീന്ദ്രൻ ധാരാളം തമാശകൾ മാണിസാറിനെക്കുറിച്ച് പറയും. മാണിസാറിനെക്കുറിച്ച് നമ്മൾ ഒരു തമാശ പറഞ്ഞിട്ടുണ്ടെന്ന് പറയുമ്പോൾ, അദ്ദേഹം അത് കേൾക്കട്ടെയെന്ന് പറയും. തന്നെക്കുറിച്ച് പറയുന്ന തമാശകൾ കേൾക്കട്ടെയെന്ന് പറയാൻ വളരെ വലിയ മനസ്സുള്ള ആളിനെ കഴിയൂ. മാത്രമല്ല, ഞാൻ മാണിസാറിൽ കണ്ടിട്ടുള്ള ഒരു പ്രത്യേകത, സിനിമയിൽ ഒരു അത്ഭുതമായി കണ്ടിട്ടുള്ള പ്രേംനസീറിനെ

പോലെയാണ് അദ്ദേഹം എന്നുള്ളതാണ്. അദ്ദേഹം ആരോടും പിണങ്ങില്ല. നമ്മൾ മാണിസാറിനെ സഭയിലായാലും പുറത്തായാലും വിമർശിച്ചുകൊണ്ട് പ്രസ്താവന നടത്തിയാലും അടുത്ത നിമിഷം കാണുമ്പോൾ പൊട്ടിച്ചിരിയോടെ തോളിൽ കയ്യിട്ട് തട്ടിക്കൊണ്ട് വളരെ സ്നേഹത്തോടെ പെരുമാറും. അത് അത്ഭുതകരമായ വ്യക്തിത്വമാണ്. ഞാൻ ഉൾപ്പെടെയുള്ള പല ആളുകൾക്കും ഒരാളോട് മനസ്സിൽ വിരോധം തോന്നിയാൽ അത് മുഖത്ത് പ്രതിഫലിക്കാറുണ്ട്. മാണിസാർ അത് പ്രകടിപ്പിക്കാറില്ല. അത്തരത്തിൽ മനസ്സിൽ വിദ്വേഷങ്ങൾ സൂക്ഷിക്കാതെ പൊട്ടിച്ചിരിക്കുന്നതുകൊണ്ടാണ് ജോസഫ് മുന്നണിയിൽ വരണമെന്ന് പറഞ്ഞപ്പോൾ അദ്ദേഹം കൂടെ പോയി എന്നുപറഞ്ഞത്. രാഷ്ട്രീയമായി വിരോധങ്ങളും ആരോപണങ്ങളും പ്രത്യാരോപണങ്ങളും പ്രസംഗങ്ങളും വിമർശനങ്ങളുമുണ്ട്. നിയമസഭയിൽ മാണിസാറിനെ വിമർശിച്ച് പ്രസംഗിച്ചിട്ട് അടുത്തുവരുമ്പോൾ സ്നേഹത്തോടെ പെരുമാറുന്നത് എല്ലാവർക്കും അനുഭവമുള്ളതുമാണ്. അത് കാണുമ്പോൾ മോശമായിപ്പോയല്ലോയെന്ന് നമുക്കുതന്നെ തോന്നിപ്പോകും. ഒരു തമാശ ആസ്വദിക്കാനുള്ള മനസ് അദ്ദേഹത്തിനുണ്ട്. പുതിയ തലമുറ പറയുന്ന ആശയം ഉൾക്കൊള്ളാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. കർഷകത്തൊഴിലാളി പെൻഷൻ മുതൽ കാരുണ്യ പദ്ധതി വരെയുള്ള ക്ഷേമ പദ്ധതികൾ അദ്ദേഹം കൊണ്ടുവന്നു. കാരുണ്യ പദ്ധതി അദ്ദേഹത്തിന്റെ സങ്കൽപ്പത്തിലെ ഏറ്റവും മനോഹരമായ പദ്ധതിയാണ്. ഞാൻ വളരെ ഇഷ്ടത്തോടെ കണ്ട പദ്ധതിയാണത്. രാവിലെ എം.എൽ.എ.-മാരെ കാണാൻ വരുന്നവർ പറയുന്നത്, ക്യാൻസർ രോഗമാണ്, ഹൃദ്രോഗമാണ്, സർജറി ചെയ്യാൻ പണമില്ല എന്നൊക്കെയാണ്. ഇത് 2001 മുതൽ വലിയ വിഷയമായിരുന്നു. കാരുണ്യ പദ്ധതി വന്നതോടുകൂടി അത്തരം ആളുകൾക്ക് വലിയ സഹായമുണ്ടായി എന്നുള്ളത് വിസ്മരിക്കാൻ കഴിയാത്ത ഒരു സാമൂഹിക നേട്ടമാണ്. ആ പദ്ധതി കൊണ്ടുവന്നത് അദ്ദേഹത്തിന്റെ മനസ്സിനെയാണ് കാണിക്കുന്നത്. ധനകാര്യ വകുപ്പ് എന്നുപറയുമ്പോൾ ഉദ്യോഗസ്ഥർ നിധി കാക്കുന്ന ഭൂതത്തെപോലെ എല്ലാത്തിനും തടസ്സം പറയുന്നതായാണ് കാണുന്നത്. നമ്മൾ മാനുഷിക പരിഗണനയുള്ള വിഷയം പറയുമ്പോൾ ഉദ്യോഗസ്ഥരുടെ തീരുമാനത്തെ മറികടക്കാൻ അദ്ദേഹം കാണിക്കുന്ന ആർജ്ജവം ഈ അവസരത്തിൽ മറക്കാൻ കഴിയില്ല. അതുകൊണ്ടാണ് ഇത്തരം ക്ഷേമപദ്ധതികൾ കേരളത്തിൽ നടപ്പിലായത്. മനസ്സിൽ പാവങ്ങളോടുള്ള കാരുണ്യമുള്ളതുകൊണ്ടാണ് അദ്ദേഹത്തിന്റെ അന്ത്യയാത്ര എറണാകുളത്തുനിന്ന് പാലായിൽ എത്താനായി 28 മണിക്കൂർ എടുത്തത്. കെ. എം. മാണി എന്ന മനുഷ്യസ്നേഹിയായ പൊതുപ്രവർത്തകനെ ഒരു നോക്കുകാണാനാണ് ജനങ്ങൾ വന്നത്. അതിൽ

രാഷ്ട്രീയമില്ല. അത്തരത്തിലുള്ള അവസരം അന്ത്യകാലത്ത് നമുക്കുകൂടി കിട്ടണമെന്ന് ആഗ്രഹിച്ച് പ്രവർത്തിച്ചാൽ തീർച്ചയായും മാണിസാർ നമുക്ക് മാതൃകയാകും. ശ്രീ. ഒ. രാജഗോപാൽ പറഞ്ഞതുപോലെ, ഏത് റൂളും സ്പീക്കർ റഫർ ചെയ്യുന്നതിനുമുമ്പ് കൃത്യമായ മറുപടി അദ്ദേഹം പറയും. ആ കഴിവും പ്രവർത്തന ശൈലിയും നഖം മുതൽ തലമുടി വരെ ഒരു രാഷ്ട്രീയക്കാരൻ എന്നുപറഞ്ഞതുപോലെയാണ്. ഓരോ കോശത്തിലും രാഷ്ട്രീയം അലിഞ്ഞുചേർന്ന മാണിസാർ ഇന്ന് നമ്മളോടൊപ്പമില്ല. പൊട്ടിച്ചിരിക്കാനുള്ള അവസരം പല സന്ദർഭങ്ങളിലും അദ്ദേഹം നൽകിയിട്ടുണ്ട്. അദ്ദേഹം ഒരു വലിയ മനുഷ്യനാണ്. നമ്മളെക്കാളും വളരെ സീനിയറായ വ്യക്തിയാണ്. വളരെ ലാളിത്യത്തോടെ പെരുമാറുകയും ആഹ്ലാദം പങ്കുവയ്ക്കുകയും ചെയ്യുന്ന വ്യക്തിത്വം, ചിരിക്കുന്ന മുഖം. ഒരു ദിവസം മൂന്നുനാല് പ്രാവശ്യം കുളിക്കുകയും അത്രയും പ്രാവശ്യം വസ്ത്രം മാറുകയും ചെയ്യും. ഉടഞ്ഞവസ്ത്രവും മുഷിഞ്ഞ മുഖവുമായി മാണി സാറിനെ കാണാൻ സാധിച്ചിട്ടില്ല. അദ്ദേഹത്തിന്റെ ജന്മദിനത്തിൽ ഈ സഭയിൽ വന്ന് സന്തോഷം പങ്കുവയ്ക്കുമ്പോഴുള്ള ഊർജ്ജസ്വലത ഇന്നും മനസ്സിൽ നിറഞ്ഞുനിൽക്കുകയാണ്. മാണിസാറിന്റെ വിയോഗം അദ്ദേഹത്തിന്റെ കുടുംബത്തിനും അദ്ദേഹത്തെ സ്നേഹിക്കുന്നവർക്കും വലിയ ദു:ഖമുണ്ടാക്കിയിട്ടുണ്ട്. അവരുടെയെല്ലാം ദു:ഖത്തിൽ പങ്കുചേരുന്നതോടൊപ്പം അദ്ദേഹത്തിന് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്</u> : സർ, സഭാനേതാവായ അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും കക്ഷിനേതാക്കളും മാണിസാറിനെക്കുറിച്ച് പറഞ്ഞ നല്ല വാക്കുകൾ എല്ലാവർക്കും യോജിക്കാൻ സാധിക്കുന്നതുതന്നെയാണ്. ഇണങ്ങിയും പിണങ്ങിയും അദ്ദേഹത്തോടൊപ്പം അയൽവാസിയെന്ന നിലയിൽ ജീവിച്ച, നിയോജകമണ്ഡലം ഒന്നുപോലെ നിന്ന വ്യക്തിയാണ് ഞാൻ. എന്റെ നിയോജകമണ്ഡലത്തിലെ ആറ് പഞ്ചായത്തുകൾ ഇപ്പോൾ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലാണ്. എന്റെ നിയോജകമണ്ഡലത്തിലെ ആ ഭാഗം ഉൾപ്പെടുന്ന മേഖലയിലെ വോട്ടുകൊണ്ടാണ് അവസാനമായി അദ്ദേഹം ജയിച്ചത്. വരവുചെലവ് കണക്ക് അവതരിപ്പിക്കുന്ന കണക്കുപുസ്തകമായിരുന്നു ബഡ്ജറ്റ്. അതിൽ നിന്നുമാറി സാഹിത്യനായകന്മാരെയും കവികളെയുമൊക്കെ ബഡ്ജറ്റിൽ കൊണ്ടുവന്ന് കാവ്യാത്മകമായി ബഡ്ജറ്റ് അവതരിപ്പിച്ച ആദ്യത്തെ ധനകാര്യ വകുപ്പുമന്ത്രി മാണിസാറാണ്. ഡോ. ടി. എം. തോമസ് ഐസക്കിന്റെ ബഡ്ജറ്റിൽ തുടക്കവും അവസാനവുമെല്ലാം കാവ്യാത്മകമായതിന്റെ മാതൃക മാണിസാറിൽ നിന്നാണ്. അതിന് മുമ്പുള്ള ധനകാര്യ വകുപ്പുമന്ത്രിമാരൊന്നും ആ രീതിയിൽ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടില്ല. കേരള കോൺഗ്രസ് രാഷ്ട്രീയത്തിന്റെ ഭാഗമായി

അദ്ദേഹത്തിന് ധനകാര്യ വകുപ്പിൽ നിന്നും ഇറിഗേഷൻ വകുപ്പിന്റെ ചുമതല കൊടുത്തു. അന്ന് വകുപ്പിന്റെ പേര് വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ അതോറിറ്റി എന്നാണ്. അന്ന് അദ്ദേഹത്തെ മലിനജലത്തിൽ മുക്കിയെന്നാണ് ഞാനുൾപ്പെടെയുള്ള എതിർ പാർട്ടിക്കാർ പുച്ഛിച്ചുപറഞ്ഞത്. അവർ ആരൊക്കെയാണെന്ന് ഞാൻ വിശദീകരിക്കുന്നില്ല. മലിനജലവും ശുദ്ധജലമാക്കാൻ മാണിസാറിന് കഴിഞ്ഞു എന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. ആദ്യമായി കേരളത്തിൽ ജനകീയ കുടിവെള്ള പദ്ധതി ആരംഭിച്ചത് മാണിസാറാണ്. മാണിസാറിനെ മലിനജലത്തിൽ മുക്കാൻ പോയതുകൊണ്ട് കേരളത്തിലെ ജനങ്ങൾക്ക് നല്ല കുടിവെള്ളം കിട്ടുന്ന സാഹചര്യമുണ്ടായി എന്നുള്ള സത്യം നമുക്ക് മറക്കാൻ കഴിയില്ല. ഇന്നും പ്രസക്തിയുള്ള കാര്യമാണത്. അദ്ദേഹത്തിന് വൈദ്യുതി വകുപ്പിന്റെ ചുമതലയുണ്ടായിരുന്ന സമയത്ത്, ഏത് മലയുടെ മുകളിലും പാവപ്പെട്ടവർക്ക് വൈദ്യുതി കൊടുക്കാൻ പറ്റുന്ന സാഹചര്യമുണ്ടെന്ന് തെളിയിച്ചുകൊണ്ട് ഏറ്റവും കൂടുതൽ ആളുകൾക്ക് വൈദ്യുതി കണക്ഷൻ കൊടുത്തു. അദ്ദേഹത്തിന്റെ കഴിവുകളെക്കുറിച്ച് പറയുമ്പോൾ, ഇതൊക്കെ ഓർക്കാതെ പോയാൽ തെറ്റായിപ്പോകുമെന്നുള്ളതുകൊണ്ട് പറഞ്ഞുപോവുകയാണ്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റ് നേതാക്കന്മാരും മാണിസാറിനെക്കുറിച്ച് സംസാരിച്ചപ്പോൾ 54 വർഷം അദ്ദേഹം എം.എൽ.എ. ആയിരുന്നുവെന്ന് പറഞ്ഞത് ശരിയല്ല. കാരണം 1965-ൽ അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടെങ്കിലും നിയമസഭാ സാമാജികനായി സത്യപ്രതിജ്ഞ ചെയ്തില്ല. 1967-ലാണ് അദ്ദേഹം സത്യപ്രതിജ്ഞ ചെയ്ത് നിയമസഭാ സാമാജികനായത്. അങ്ങനെ 52 വർഷമാണ് അദ്ദേഹം എം.എൽ.എ. ആയിരുന്നത്. അതുപോലെ സഭാരേഖകൾ ചരിത്രത്തിന്റെ ഭാഗമാണ്. 1964 ഒക്ടോബർ 9-ാം തീയതി കേരള കോൺഗ്രസ് രൂപംകൊള്ളുമ്പോൾ മാണിസാർ അതിലില്ല. അന്നദ്ദേഹം കോൺഗ്രസ്സിന്റെ ഡി.സി.സി. സെക്രട്ടറിയാണ്. 1965-ൽ തെരഞ്ഞെടുപ്പിനോടനുബന്ധിച്ചാണ് അദ്ദേഹം കേരള കോൺഗ്രസ്സിലേയ്ക്ക് കടന്നുവന്നത്. ചരിത്രത്തിൽ തെറ്റ് വരരുതെന്നുള്ളതുകൊണ്ടാണ് ഞാനിത് സൂചിപ്പിക്കുന്നത്. മാണിസാറിനെക്കുറിച്ച് വ്യക്തിപരമായി ഇവിടെ എല്ലാവരും പറഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. എന്നെ സംബന്ധിച്ചിടത്തോളം വേദനിക്കുന്ന അനുഭവങ്ങൾ ധാരാളമുണ്ട്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിന്റെ അവസാനകാലങ്ങളിൽ അദ്ദേഹം അവിടെയിരുന്ന് ഇങ്ങോട്ട് നോക്കും. പി. സി. ജോർജിനെയാണ് നോക്കുന്നതെന്ന് ഇവിടെയിരിക്കുന്ന ലീഗ് എം.എൽ.എ.-മാർ എന്നെ വിളിച്ചുപറയും. ഞാൻ അവിടെ ചെല്ലുമ്പോൾ എന്റെ കയ്യിൽ പിടിച്ച് അദ്ദേഹം നടന്ന് ഇവിടെവരെ വരും. ഇവിടെ വന്നുകഴിയുമ്പോൾ ജോർജേ, എന്നോട് പിണക്കമുണ്ടോയെന്ന് അദ്ദേഹം

ചോദിക്കും; ഇല്ല സാർ, സത്യമായും എനിക്ക് പിണക്കമില്ലെന്ന് ഞാൻ പറയും. അപ്പോൾ എനിക്ക് ജോർജിനോട് സ്നേഹമാണെന്ന് അദ്ദേഹം പറയും. വേദനയോടെയും കണ്ണുനീരോടെയുമാണ് ഞാനിത് പറയുന്നത്. അതുകഴിഞ്ഞ് ഇവിടെനിന്നും വാതിലിനുപുറത്ത് ഞാൻ കൊണ്ടുവിടും. അപ്പോഴാണ് സ്റ്റാഫ് വന്ന് അദ്ദേഹത്തെ കൊണ്ടുപോകുന്നത്. അവിടെവച്ചും അദ്ദേഹം എന്നോട് ചോദിക്കും, ജോർജേ, എന്നോട് സ്നേഹമാണോ? അപ്പോഴും സ്നേഹമാണെന്ന് ഞാൻ പറയും. അങ്ങനെ മിക്കവാറും ദിവസങ്ങളിൽ ഞാൻ തന്നെയാണ് അദ്ദേഹത്തെ നിയമസഭയുടെ പുറത്തുകൊണ്ടുപോയി വിട്ടുകൊണ്ടിരുന്നത്. ആ മനുഷ്യന്റെ കഴിവുകളെയും വ്യക്തിത്വത്തെയും സംബന്ധിച്ച് ഇതിനപ്പുറം എനിക്കൊന്നും പറയാനില്ല. കാരുണ്യ പദ്ധതിയെക്കുറിച്ച് ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശരിയോടൊപ്പം നിൽക്കുമെന്ന് വിശ്വസിക്കുന്നവനാണ് ഞാൻ. ധനകാര്യ വകുപ്പുമന്ത്രിയെന്ന നിലയിൽ ഡോ. ടി. എം. തോമസ് ഐസക് രാഷ്ട്രീയമായ എന്തോ കാരണങ്ങൾകൊണ്ട് കാരുണ്യ പദ്ധതിയെ മറ്റൊരു പദ്ധതിയിലേയ്ക്ക് മാറ്റാൻ ശ്രമിച്ചു. എങ്കിലും ഇവിടെ എല്ലാവരും പ്രകടിപ്പിച്ച വികാരം മുഖ്യമന്ത്രി വ്യക്തിപരമായി ഏറ്റെടുത്ത് ധനകാര്യ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് കാരുണ്യ പദ്ധതിയെ പഴയ രീതിയിൽ കൊണ്ടുവന്നേമതിയാകൂ. അതൊരു ആവശ്യമാണെന്നുകൂടി ഞാൻ സൂചിപ്പിക്കുന്നു. മാണിസാറിനുവേണ്ടി നമുക്ക് എന്താണ് ചെയ്യാൻ കഴിയുന്നത്? 52 വർഷം ഈ നാടിനെ സേവിച്ച വലിയ മനുഷ്യനാണ് അദ്ദേഹം. വരാൻ പോകുന്ന രാഷ്ട്രീയ പ്രവർത്തകർക്ക് അദ്ദേഹത്തെ മാതൃകയായി കാണാൻ കഴിയുമെന്നുമാത്രമല്ല, ആ മാതൃകപോലെ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെപ്പറ്റി ചിന്തിക്കാനും കഴിയണം. ബഹുമാനപ്പെട്ട സ്പീക്കറുടെ നേതൃത്വത്തിൽ നിയമസഭയിൽ പാർലമെന്ററി പഠന പരിശീലന പരിപാടി നടക്കുന്നുണ്ട്. ആ കമ്മിറ്റിയെ ചുമതലപ്പെടുത്തി 52 വർഷത്തെ മാണിസാറിന്റെ രാഷ്ട്രീയ പ്രവർത്തനത്തെയും നിയമസഭാ പ്രവർത്തനത്തെയും ബഡ്ജറ്റുകളെയും കൈകാര്യം ചെയ്ത വകുപ്പുകളെയും കുറിച്ച് ആധികാരികമായി പഠനം നടത്തുകയും അതിന്റെയടിസ്ഥാനത്തിൽ ഒരു റഫറൻസ് ഗ്രന്ഥം തയ്യാറാക്കുകയും ചെയ്താൽ ഭാവി സാമാജികർക്ക് അതൊരു റഫറൻസായി മാറും. അദ്ദേഹത്തിനുവേണ്ടി കൊടുക്കാൻ കഴിയുന്ന ഏറ്റവും വലിയ മാന്യത അതാണെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് അദ്ദേഹത്തിന്റെ നിര്യാണം ഈ സമൂഹത്തിനുണ്ടാക്കിയ ദുഃഖത്തിൽ ഞാനും പങ്കുചേരുന്നു. നന്ദി, നമസ്കാരം.

മി. സ്പീക്കർ: പൊതുജീവിതത്തിൽ അസാധാരണമായ ചരിത്രം സൃഷ്ടിച്ച മാണിസാറിന്റെ ചരമോപചാര പ്രസംഗത്തിൽ നമ്മുടെ പരമ്പരാഗത രീതികളെ മറികടന്നുകൊണ്ട് രാഷ്ട്രീയം, ഭരണം, ചരിത്രം, പ്രത്യയശാസ്ത്രം എന്നിവയെല്ലാം

ഉൾപ്പെടുത്തിക്കൊണ്ടാണ് സഭാംഗങ്ങൾ സംസാരിച്ചത്. അങ്ങനെ ചരമോപചാരത്തിലും അദ്ദേഹം ഒരു പുതിയ തുടക്കം സൃഷ്ടിക്കുന്നതിൽ വിജയിച്ചിരിക്കുകയാണെന്നാണ് എനിക്ക് തോന്നുന്നത്. അദ്ദേഹത്തോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റുനിൽക്കാം.

(അന്തരിച്ച മഹത്വ്യക്തിയോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

## II അറിയിപ്പ്

മി. സ്പീക്കർ: മാണിസാറിന്റെ നിര്യാണത്തിന്റെ ദുഃഖസാന്ദ്രമായ അന്തരീക്ഷത്തിലാണെങ്കിലും ഒരു കാര്യംകൂടി സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ഒരുപക്ഷേ കേരള നിയമസഭയുടെ ചരിത്രത്തിലൊരിക്കലുമില്ലാത്ത തരത്തിൽ നാല് നിയമസഭാ സാമാജികർ, സാമാജികരായിരിക്കെ ഇന്ത്യൻ പാർലമെന്റിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടിരിക്കുകയാണ്. സർവ്വശ്രീ. അടൂർ പ്രകാശ്, എ. എം. ആരിഫ്, ഹൈബി ഈഡൻ, കെ. മുരളീധരൻ എന്നീ അംഗങ്ങൾ ഈ സഭയുടെ ചട്ടുലതയും സർഗ്ഗാത്മകതയും സജീവമായി നിലനിർത്തുന്നതിൽ നല്ല സാന്നിദ്ധ്യങ്ങളായിരുന്നു. കേരള നിയമസഭയുടെ ഈ അനുഭവങ്ങളുടെ ഉള്ളടക്കം ഇന്ത്യൻ പാർലമെന്റിൽ രാജ്യത്തിന്റെ താല്പര്യത്തെ സംരക്ഷിക്കാനും ഭരണഘടനാ മൂല്യങ്ങൾക്കുവേണ്ടി ധൈഷണിക ധീരതയോടുകൂടി പോരാടാനുമുള്ള ഊർജ്ജം അവർക്ക് പകരട്ടെയെന്ന് ആഗ്രഹിക്കുന്നു. അതിനവർക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു.

ഓർഡർ....... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2019 മേയ് 28-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 10.05-ന് പിരിഞ്ഞു.)